# ആരോഗ്യ കേരളം

OCTOBER 2023

follow us on /arogyakeralam https://arogyakeralam.gov.in


## നിപ്പ നാലാം വട്ടവും

# പ്രതിരോധം തീർത്ത് കേരളം



**തിരുവനന്തപുരം:** കേരളത്തിൽ സെപ്റ്റംബർ 12 നാണ് നിപ വൈറസ് റിപ്പോർട്ട് ചെയ്തത്. നേരത്തെ മൂന്നു തവണയും വളരെ ഫലപ്രദമായി നിപയെ പ്രതിരോധിച്ച കേരളം ഇത്തവണയും ഒറ്റക്കെട്ടായി നിപയെ പ്രതിരോധിച്ചു. ആരോഗ്യവകുപ്പിന്റെനേതൃത്വത്തിൽ ജില്ലാ ഭരണകൂടവും മറ്റ് വകുപ്പുകളും ഒരുമിച്ചാണ് നിപ്പാ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയത്.

കോഴിക്കോട് ജില്ലയിയിൽ നിപ വൈറസ് രോഗബാധ സ്ഥിരീകരിച്ചതിനെ തുടർന്ന് കോഴിക്കോട് ഗസ്റ്റ് ഹൗസിൽ നിപ കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജ് കൺട്രോൾ റൂം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഒപ്പം പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി മുഹമ്മദ് റിയാസും ജില്ലയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസും നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ ജീവൻ ബാബു കെ. ഐ.എ.എസും മാർഗ്ഗ നിർദേശങ്ങൾ നൽകി. ജില്ലാ കളക്ടർ എ. ഗീത ഐ.എ.എസ്, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. റീന കെ. ജെ., മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. തോമസ് മാത്യു, അഡീഷണൽ ഡയറക്ടർ ഡോ. നന്ദകുമാർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. രാജാറാം കെ.കെ, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ഷാജി സി.കെ. തുടങ്ങിയവർ കൺട്രോൾ റൂമിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. കൺട്രോൾ റൂമിലെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ ആരോഗ്യകേരളം വയനാട്, തിരുവനന്തപുരം ജില്ലാ പ്രോഗ്രാം മാനേജർമാരും ഉണ്ടായിരുന്നു. മഞ്ചേരി മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ അഡീ. പ്രൊഫസർ ഡോ. അനീഷ് ടി.എസ്, എസ്.എച്ച്.എസ്.ആർ.സി എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജിതേഷ് എന്നിവർ നിപ സംബന്ധമായ പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടിയും മുൻകരുതൽ നടപടികൾ സംബന്ധിച്ചുള്ള മാർഗനിർദേശങ്ങളും നൽകി. കോഴിക്കോട് മെഡിക്കൽ കോളേജിലെ ചികിത്സ, സാമ്പിൾ പരിശോധന എന്നിവയ്ക്ക് ഡോ. ചാന്ദ്നിയും ഡോ. അനിതയും നേതൃത്വം നൽകി. രോഗികളെ ചികിത്സിച്ച സ്വകാര്യ ആശുപത്രികളും നിസ്തുലമായ സഹകരണമാണ് നിപ പ്രതിരോധ-നിയന്ത്രണ പ്രവർത്തനങ്ങൾക്ക് നൽകിയത്.

> ജില്ലയിൽ 1288 പേരെയാണ് സമ്പർക്ക പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നത്. സമീപ ജില്ലകളിൽ ഉള്ളവരും സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ടിരുന്നു.

സർവൈലൻസ്, സാമ്പിൾ പരിശോധനയും പരിശോധനാഫലവും, രോഗം സ്ഥിരീകരിച്ചവരുമായി രോഗം സംശയിക്കുന്നവർക്കുള്ള ബന്ധം കണ്ടെത്തൽ, സമ്പർക്ക പട്ടിക തയാറാക്കൽ, മെറ്റീരിയൽസ് ആൻഡ് ലോജിസ്റ്റിക് മാനേജ്മെന്റ്, ചികിത്സ, ഇൻഫ്രാസ്ട്രക്ചർ മാനേജ്മെന്റ് , രോഗികളുടെ ട്രാൻസ്പോർട്ടേഷൻ, ബോധവത്കരണം, കാൾ സെന്റർ, മാനസിക പിന്തുണ ഉറപ്പാക്കൽ, ഡേറ്റ അനാലിസിസ്, ഡെഡ് ബോഡി മാനേജ്മെന്റ്, വിവിധ വകുപ്പുകളുടെ ഏകോപനം, ഫീൽഡ്തല പ്രവർത്തനങ്ങളുടെ ഏകോപനം, ഇൻഫക്ഷൻ കൺട്രോളും പരിശീലനവും, സ്വകാര്യ ആശുപത്രികളുടെ ഏകോപനം, ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് എന്നിവയ്ക്കായി 19 ടീമുകളാണ് കൺട്രോൾ റൂമിൽ പ്രവർത്തിച്ചത്. ഒപ്പം പോലീസ് വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ സമ്പർക്ക പട്ടികയിലുള്ളവരെ കണ്ടെത്തുവാൻ സഹായിക്കുകയും അവർ ക്വാറന്റൈനിൽ ഇരിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്തു. മാധ്യമങ്ങൾക്ക് യഥാസമയം ശരിയായ വിവരങ്ങൾ നൽകുവാൻ ജില്ലാ പി.ആർ.ഡിയും ഒപ്പമുണ്ടായിരുന്നു. ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളാണ് ജില്ലയിൽ നടത്തിയത്. ദൃശ്യ, ശ്രവ്യ, സാമൂഹ്യ മാദ്ധ്യമങ്ങളിലൂടെ ശരിയായ വിവരങ്ങൾ പൊതുജനങ്ങൾക്ക് നൽകുകയും അവരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും വ്യാജവാർത്തകളെ യഥാസമയം പ്രതിരോധിക്കുകയും ചെയ്തു.

**സംസ്ഥാനതല കൺട്രോൾ റൂം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു.**

ഫീൽഡ് തലത്തിൽ മെഡിക്കൽ ഓഫീസർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും നേതൃത്വത്തിൽ സമ്പർക്കപ്പട്ടികയിലുള്ളവരെ കണ്ടെത്തുകയും സ്വയം നിരീക്ഷണത്തിൽ ഇരിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്തു. അവരെ എല്ലാ ദിവസവും ഫോൺ ചെയ്ത് രോഗലക്ഷണങ്ങൾ എന്തെങ്കിലും പ്രത്യക്ഷപ്പെടുന്നുണ്ടോയെന്ന് അന്വേഷിക്കുകയും മാനസിക പിന്തുണ ഉൾപ്പെടെ അവർക്ക് ആവശ്യമായ സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്തു. ജില്ലയിൽ 1288 പേരെയാണ് സമ്പർക്ക പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നത്. സമീപ ജില്ലകളിൽ ഉള്ളവരും സമ്പർക്കപ്പട്ടികയിൽ ഉൾപ്പെട്ടിരുന്നു. കണ്ടെയ്ൻമെന്റ് സോണായി പ്രഖ്യാപിക്കപ്പെട്ട പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റി, കോർപറേഷൻ വാർഡുകളിലും ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ പൊതുജനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ എത്തിച്ചു കൊടുത്തു. പൊതുജനങ്ങളുടെ ഭാഗത്ത് നിന്ന് പൂർണ്ണമായ സഹകരണം പ്രതിരോധ പ്രവർത്തനങ്ങളിൽ ലഭിച്ചു.

മെഡിക്കൽ കോളേജ്, ആശുപത്രികൾ, ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മെഡിക്കൽ ഓഫീസർമാർ, നഴ്സിംഗ് ഓഫീസർമാർ, പാരാമെഡിക്കൽ സ്റ്റാഫ്, ക്ലീനിംഗ് സ്റ്റാഫ്, സെക്യൂരിറ്റി സ്റ്റാഫ് ഉൾപ്പെടെ എല്ലാ വിഭാഗം ജീവനക്കാർക്കും ഇൻഫക്ഷൻ കൺട്രോൾ, വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ, മാലിന്യ സംസ്കരണം തുടങ്ങിയ വിഷയങ്ങളിൽ നേരിട്ടും ഓൺലൈനായും പരിശീലനം നൽകി



നിപ സ്ഥിരീകരിച്ചതിന് ശേഷം രോഗബാധ കണ്ടെത്തിയ 4 പേർക്കും ചികിത്സ നൽകുവാനും അവരെ രോഗവിമുക്തരാക്കുവാനും കഴിഞ്ഞു എന്നത് വലിയ നേട്ടമാണ്. അവരിൽ നിന്നും രോഗം മറ്റുള്ളവരിലേക്ക് പകരുന്നത് തടയുവാനും കഴിഞ്ഞു. ആദ്യത്തെ കേസിന്റെ സമ്പർക്ക പട്ടികയിൽ പെട്ടവർക്ക് മാത്രമാണ് പിന്നീട് രോഗം സ്ഥിരീകരിച്ചത് എന്നത് രോഗ നിയന്ത്രണ പ്രവർത്തനങ്ങളുടെ മികവിനെയാണ് സൂചിപ്പിക്കുന്നത്.

പൂനെ ഐ.സി.എം.ആറിൽ നിന്നും ഡോ. റിമ സഹായുടെ നേതൃത്വത്തിലുള്ള ടീം, ഡോ. മാല ഛബ്രയുടെ നേതൃത്വത്തിൽ എം. ഒ. എച്ച്. എഫ്. ഡബ്ല്യു ടീം, ഡോ. സുബ്രമണ്യത്തിന്റെ നേതൃത്വത്തിൽ എൻ.ഐ.വി യിൽ നിന്നുള്ള ടീം, ഡോ.മാണികത്തിന്റെ നേതൃത്വത്തിൽ എൻ.ഐ.ഇയിൽ നിന്നുള്ള ടീം തുടങ്ങിയവർ വിവിധ പഠനങ്ങൾക്കായി കോഴിക്കോട് ജില്ലയിലെത്തിയിരുന്നു. അവർ നിപ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങൾ സന്ദർശിക്കുകയും പഠനങ്ങൾ നടത്തുകയും ചെയ്തു. കൺട്രോൾ റൂം പ്രവർത്തനങ്ങൾ വിലയിരുത്തി. വനത്തിനോട് അടുത്ത് കിടക്കുന്ന ജനവാസ മേഖലകളിൽ നിന്നും കാട്ടുപന്നികൾ ചത്തു എന്ന റിപ്പോർട്ടിനെ തുടർന്ന് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ്, ആനിമൽ ഹസ്ബൻഡറി വകുപ്പുകളുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തി.

# 'ആയുഷ്മാൻ ഭവ'; സമഗ്ര ആരോഗ്യ ബോധവൽക്കരണ ക്യാമ്പയിന് തുടക്കം



**സുസ്ഥിര** വികസന ലക്ഷ്യങ്ങളിലേക്ക് രാജ്യത്തിനെ നയിക്കുമ്പോൾ അതിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നതാണ് ആരോഗ്യം. നാടിന്റെ ആരോഗ്യമെന്നത് ഓരോ പൗരന്റെയും ആരോഗ്യമാണെന്നതിനാൽ, ഗ്രാമ - നഗര ഭേദമന്യേ ഓരോ വ്യക്തിക്കും ആരോഗ്യസംരക്ഷണം ഉറപ്പാക്കപ്പെടേണ്ടതുണ്ട്. ഇത്തരത്തിൽ അർഹതപ്പെട്ടരിലേക്ക് ആരോഗ്യ പദ്ധതികളുടെയും സേവനങ്ങളുടെയും ഗുണഫലങ്ങൾ ലഭ്യമാക്കുന്നതിനായാണ് 'ആയുഷ്മാൻ ഭവ' പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. പരിപാടിയുടെ ദേശീയ തല ഉദ്ഘാടനം സെപ്റ്റംബർ 13ന് ആദരണീയയായ രാഷ്ട്രപതി ശ്രീമതി. ദ്രൗപദി മുർമ്മു ഓൺലൈൻ വഴി നിർവ്വഹിച്ചു. തുടർന്നു സംസ്ഥാന - ജില്ലാ തല ഉദ്ഘാടനങ്ങളും വിപുലമായി നടന്നു.

ഇന്ത്യയിലുടനീളമുള്ള എല്ലാ ഗ്രാമങ്ങളിലും പട്ടണങ്ങളിലും സമ്പൂർണ്ണ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുകയാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ആത്യന്തികമായി, രാജ്യത്ത് സാർവത്രിക ആരോഗ്യ പരിരക്ഷ കൈവരിക്കുന്നതിനായി വിഭാവനം ചെയ്യുന്ന ഈ പരിപാടിക്ക് മറ്റ് വിവിധ സർക്കാർ വകുപ്പുകളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും

(പേജ് 7 ൽ തുടർന്ന് വായിക്കുക)



# 'കേരളീയം'

# കേരളത്തിന്റെ ഉത്സവം



പിണറായി വിജയൻ
മുഖ്യമന്ത്രി



**കേരളപ്പിറവി** ദിനമായ നവംബർ ഒന്ന് മുതൽ ഒരാഴ്ചക്കാലം നമ്മുടെ തലസ്ഥാന നഗരിയിൽ 'കേരളീയം 2023' മഹോത്സവം നടക്കുകയാണ്. കേരളം ഒരു സംസ്ഥാനം എന്ന നിലയ്ക്ക് ആർജ്ജിച്ച സമസ്ത നേട്ടങ്ങളും സാംസ്കാരിക തനിമയും ലോകത്തിനു മുന്നിൽ അവതരിപ്പിക്കുക എന്നതാണ് കേരളീയം കൊണ്ട് ഉദ്ദേശിക്കുന്നത്.

ലോകത്തു തന്നെ അത്യപൂർവം ഭാഗങ്ങളിലുള്ള ദേശങ്ങൾക്കു മാത്രം സ്വായത്തമാക്കാൻ കഴിഞ്ഞ നേട്ടങ്ങളുള്ള നാടാണ് നമ്മുടേത്. ചരിത്രപരമായ പ്രത്യേകതകൾ കൊണ്ടും സാംസ്കാരിക സവിശേഷതകൾ കൊണ്ടും ആർജിച്ച നേട്ടങ്ങൾ കൊണ്ടുമൊക്കെ കേരളം വേറിട്ടുനിൽക്കുന്നു. അങ്ങനെയുള്ള ഒരു നാടിനെ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുക എന്നതാണ് 'കേരളീയം 2023' മുന്നോട്ടുവയ്ക്കുന്ന ആശയം.

'കേരളീയത' ഒരു വികാരമാവണം. ആ വികാരത്തിൽ കേരളീയരാകെ ഒരുമിക്കണം. തീർച്ചയായും ഭാരതീയതയുടെ ഭാഗമായിത്തന്നെ നിൽക്കുന്ന, ഭാരതത്തിനാകെ അഭിമാനം നൽകുന്ന, കേരളീയത എന്താണെന്ന് ലോകമറിയണം. കേരളീയത്തിലേക്കു ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നായി നൊബേൽ ജേതാക്കളടക്കമുള്ള അതിപ്രഗത്ഭർ എത്തുകയാണ്. ദേശീയതലത്തിലും അന്തർദേശീയ തലത്തിലുമുള്ള പ്രമുഖരുടെ സാന്നിധ്യം നമുക്ക് പ്രയോജനപ്പെടുത്തണം. അവർ തിരികെപ്പോയി കേരളത്തെക്കുറിച്ച് സ്വന്തം നാടുകളിൽ പറയുന്നത്, എഴുതുന്നത് ഒക്കെ കേരളത്തിന്റെ ഭാവിക്കും വളരെയേറെ പ്രയോജനപ്പെടും.

മാറുന്ന കാലത്തിനനുസരിച്ച് അതിവേഗം മുന്നോട്ടു നീങ്ങുന്ന സമൂഹമാണ് കേരളം. ഒട്ടേറെ കാര്യങ്ങളിൽ ഇപ്പോൾതന്നെ നമ്മൾ ലോകത്തിനു മാതൃകയാണ്. സാക്ഷരത, പൊതുജനാരോഗ്യം, ആയുർദൈർഘ്യം, മാതൃ-ശിശു മരണനിരക്കിലെ കുറവ്, ക്ഷേമ പെൻഷനുകൾ, കലാ-സാഹിത്യ സാംസ്കാരിക മികവ്, വിദ്യാഭ്യാസ - ആരോഗരംഗങ്ങളിലെ ആധുനിക സംവിധാനങ്ങൾ, സ്ത്രീ - പുരുഷ സമഭാവന, ട്രാൻസ്ജെൻഡറുകളെ അടക്കം ഉൾച്ചേർക്കുന്ന പുരോഗതി, അധികാരവികേന്ദ്രീകരണം, ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണവും നിർവഹണവും, ഉയർന്ന ജീവിതനിലവാരം, ശാസ്ത്രബോധം എന്നിങ്ങനെ നിരവധി നേട്ടങ്ങൾ നമ്മുടേതായുണ്ട്.

ഇതിനൊപ്പം, ഭേദചിന്തകൾക്കതീതമായ സാമൂഹികാവബോധം, സമഭാവന, മതനിരപേക്ഷത, പാരസ്പര്യത്തിലൂന്നിയ സാമൂഹികാന്തരീക്ഷം, സമാധാനാന്തരീക്ഷം എന്നിവയും നമ്മുടെ പ്രത്യേകതകളാണ്. ഇങ്ങനെ ഭൗതികവും മാനസികവുമായ പുരോഗതി ഒരുപോലെ ആർജിച്ച സമൂഹമാണ് കേരളം. ഈ പ്രത്യേകതകൾ ലോകമറിയുന്നതിന് 'കേരളീയം 23' ഉപകരിക്കും.

ഇരുട്ടിലായിപ്പോയ ഒരു ഭൂതകാലമുണ്ടായിരുന്നു നമുക്ക്. അവിടെനിന്നും നവോത്ഥാന-പുരോഗമന - രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നമ്മളെ വെളിച്ചത്തിലേക്ക് കൈപിടിച്ചു നടത്തി. മനുഷ്യനെ മനുഷ്യനായി കാണാനും മനുഷ്യാന്തസ്സിന്റെ മഹത്വം മനസ്സിലാക്കാനും ആ സാമൂഹിക മുന്നേറ്റങ്ങൾ നമ്മളെ സഹായിച്ചു. ഐക്യകേരളം രൂപപ്പെടുമ്പോൾ തന്നെ, സമൃദ്ധമായ ഈ ചരിത്രം ഭാവികേരളം എങ്ങനെയായിരിക്കണമെന്ന കാഴ്ചപ്പാടിന് വലിയ സംഭാവന നൽകിയിരുന്നു. അതിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതാകും കേരളീയം.

മലയാളിസമൂഹം എന്നത് കേരളത്തിൽ മാത്രമായി ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. ഭൂഖണ്ഡാന്തരങ്ങളിലേക്ക് ആ സമൂഹം വളർന്നു പന്തലിച്ചു. ലോകമലയാളി എന്നുള്ള സങ്കൽപം തന്നെ ഉയർന്നുവന്നു. എത്തിച്ചേർന്ന ദേശങ്ങളിലെല്ലാം ആ നാടിന്റെ സാമൂഹിക മുന്നേറ്റത്തിൽ മലയാളിസമൂഹവും വലിയ പങ്കുവഹിച്ചു. ആ നാടുകൾക്ക് നമ്മളോട് വലിയ താൽപര്യമുണ്ട്.

സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ അന്യനാടുകളുമായി വാണിജ്യബന്ധം നമ്മൾ കാത്തുസൂക്ഷിച്ചിരുന്നു. ആ ബന്ധത്തിലൂടെ വന്നിറങ്ങിയത് വാണിജ്യ വസ്തുക്കൾ മാത്രമല്ല, ലോകത്തിന്റെ പല കോണുകളിലുണ്ടായ സംസ്കാരങ്ങൾ കൂടിയാണ്. അവയിലെ നല്ല അംശങ്ങളെ സ്വാംശീകരിക്കാനും നമ്മുടെ നാടിന്റെ സവിശേഷതകൾ മറ്റുള്ളവർക്ക് പകർന്നുനൽകാനും കഴിഞ്ഞിട്ടുണ്ട്. സമ്പന്നമായ ഈ സാമൂഹിക - സാംസ്കാരിക പൈതൃകവും സവിശേഷമായ പ്രകൃതിസൗന്ദര്യവും ലോകത്തിനു മുന്നിൽ നന്നായി അവതരിപ്പിക്കേണ്ടതുണ്ട്.

> **ഭേദചിന്തകൾക്കതീതമായ സാമൂഹികാവബോധം, സമഭാവന, മതനിരപേക്ഷത, പാരസ്പര്യത്തിലൂന്നിയ സാമൂഹികാന്തരീക്ഷം, സമാധാനാന്തരീക്ഷം എന്നിവയും നമ്മുടെ പ്രത്യേകതകളാണ്**

ലോകം ശ്രദ്ധിച്ച കേരള വികസന മാതൃകയുടെ നേട്ടങ്ങളിൽ ഊന്നിനിന്നുകൊണ്ട് പുതിയ കാലത്തിന്റെ വെല്ലുവിളികളെ കേരളം ഏറ്റെടുക്കുകയാണ്. നാലാം വ്യാവസായിക വിപ്ലവവും നിർമ്മിതബുദ്ധിയും മെഷീൻ ലേണിംഗുമെല്ലാം ലോകത്തിന്റെ ചിന്താഘടനയെ തന്നെ മാറ്റിമറിക്കുന്ന ഈ ഘട്ടത്തിലാണ് കേരളം ഒരു വൈജ്ഞാനിക നൂതനത്വ സമൂഹമായി പരിണമിക്കാൻ ഒരുങ്ങുന്നത്. കേരളം മുന്നോട്ടുവയ്ക്കുന്ന ബദൽ വികസന മാതൃകകൾ ലോകത്തിനു മുമ്പാകെ അവതരിപ്പിക്കാനും, ലോക വൈജ്ഞാനിക രംഗത്തുനിന്നും കൂടുതൽ കാര്യങ്ങൾ ഉൾക്കൊള്ളാനും, പുത്തൻ അറിവിന്റെയും അവസരങ്ങളുടെയും ലോകം എന്തെന്ന് തിരിച്ചറിയാനും കേരളീയം വഴിയൊരുക്കും.

കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകവും അതിലടങ്ങിയിരിക്കുന്ന ക്ലാസിക്കൽ കലാരൂപങ്ങളെയും പ്രാക്തന കലാരൂപങ്ങളെയും ലോകം മനസ്സിലാക്കും. കേരളത്തിന്റെ സമഗ്രമായ വികസന കാഴ്ചപ്പാടിനെ കേരളീയം ഉത്തേജിപ്പിക്കുകതന്നെ ചെയ്യും. അങ്ങനെ അടുത്ത 25 വർഷത്തിൽ വികസിത മധ്യവരുമാന രാജ്യങ്ങളുടെ ജീവിതനിലവാരത്തിലേക്ക് എത്തുക എന്ന കേരളത്തിന്റെ ലക്ഷ്യത്തിന് അത് ഊർജ്ജം പകരും.

കേരളത്തിന്റെ സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ നേട്ടങ്ങളെ ഇകഴ്ത്തിക്കാട്ടാനുള്ള പ്രചാരണങ്ങൾ ഉണ്ടാകുന്ന കാലമാണിത്. മതനിരപേക്ഷമായി നിലനിൽക്കുന്ന നമ്മുടെ സമൂഹം കൈവരിച്ച നേട്ടങ്ങളെ ഇകഴ്ത്തിക്കാട്ടി അവിടേക്ക് വർഗ്ഗീയതയുടെ വിഷം കുത്തിവയ്ക്കാനാണ് ചില ശക്തികൾ ശ്രമിക്കുന്നത്. ഇതെല്ലാം വെറും കുപ്രചരണങ്ങൾ മാത്രമാണെന്നും യഥാർത്ഥ കേരളം എന്തെന്നും ലോകസമക്ഷം ഉയർത്തിക്കാട്ടാൻ കേരളീയത്തിനു കഴിയും.

കേരളത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്ത ഒരു മഹോത്സവമാണ് നടക്കാൻ പോകുന്നത്. കേരളീയർ എന്ന നിലയിലുള്ള നമ്മുടെ അഭിമാനബോധം വർദ്ധിപ്പിക്കുന്ന ഒന്നാവും കേരളീയം. വരാൻ പോകുന്ന കാലത്ത് ലോകരംഗത്ത് കേരളത്തിന്റെ സ്വീകാര്യത ഉയർത്തുന്ന മഹത്തായ സംരംഭം എന്ന നിലയ്ക്കാണ് ജനമനസ്സിൽ കേരളീയം സ്ഥാനംപിടിക്കാൻ പോകുന്നത്.




# 'ഹൃദയസ്പർശം' കാക്കാം ഹൃദയാരോഗ്യം: ക്യാംപയിൻ ആരംഭിച്ചു



**തിരുവനന്തപുരം:** ലോക ഹൃദയദിനത്തിന്റെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ 'ഹൃദയസ്പർശം' കാക്കാം ഹൃദയാരോഗ്യം ക്യാംപയിൻ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവ്വഹിച്ചു. ഹൃദ്രോഗം കണ്ടുപിടിക്കുക, ചികിത്സയ്ക്കുക, പ്രതിരോധിക്കുക, സി.പി.ആർ. ഉൾപ്പെടെയുള്ള പ്രഥമ ശുശ്രൂക്ഷാ പരിശീലനം നൽകുക തുടങ്ങിയവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇ.സി.ജി, ട്രോപ് ടി തുടങ്ങിയ സൗജന്യ പരിശോധനകൾ കാമ്പയിന്റെ ഭാഗമായി ലഭ്യമാക്കും. ഓട്ടോഡ്രൈവർമാർ, ടാക്സി ഡ്രൈവർമാർ, മറ്റു വോളണ്ടിയർമാർ, ആംബുലൻസ് ഡ്രൈവർമാർ തുടങ്ങിയവർക്കാണ് ആദ്യഘട്ടത്തിൽ പരിശീലനം നൽകുന്നത്. മെഡിക്കൽ കോളേജുകളുടെയും ഹാർട്ട് ഫൗണ്ടേഷന്റെയും സഹാത്തോടെയാണ് ഇതിനു വേണ്ട പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്.

## ഹൃദയം കൊണ്ട് ഹൃദയത്തെ അറിയൂ: സെപ്റ്റംബർ 29 ലോക ഹൃദയദിനം



**ലോക ഹൃദയദിനം** സംസ്ഥാനതല ഉദ്ഘാടനം തൃശൂർ കോളേജിൽ വെച്ച് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് നിർവ്വഹിച്ചു. ഹൃദയാരോഗ്യത്തെപ്പറ്റിയും ഹൃദയത്തെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റിയും ജനങ്ങളെ ബോധവാന്മാരാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ലോക ഹാർട്ട് ഫെഡറേഷൻ സെപ്റ്റംബർ 29 ലോകാരോഗ്യ ദിനമായി ആചരിക്കുന്നത്. ലോകത്തിൽ ഏറ്റവും കൂടുതൽ മരണങ്ങൾ സംഭവിക്കുന്നത് ഹൃദയ സംബന്ധമായ രോഗങ്ങൾ കൊണ്ടാണ് എന്നത് ഹൃദയാരോഗ്യത്തിന്റെ പ്രാധാന്യം വർധിപ്പിക്കുന്നതാണ്. 30 വയസിനും 70 വയസിനും ഇടയിലുള്ള മരണങ്ങളിൽ 32 ശതമാനവും ഹൃദയ സംബന്ധമായ രോഗങ്ങൾ കൊണ്ടാണെന്നാണ് കണക്കാക്കുന്നത്.

ഹൃദയംകൊണ്ട് ഹൃദയത്തെ അറിയൂ (Use Heart, Know Heart) എന്നതാണ് ഈ വർഷത്തെ ലോകാരോഗ്യദിന സന്ദേശം. നമ്മൾ ഓരോരുത്തരും നമ്മുടെ ഹൃദയത്തെക്കുറിച്ച് അറിയുകയും ഹൃദയത്തിന്റെ ആരോഗ്യത്തെ സംരക്ഷിക്കുന്നതിന് വേണ്ടി മുൻകരുതലുകളെടുക്കുകയും അതിനുവേണ്ടിയുള്ള പരിശോധനകളും ചികിത്സയും നടത്തുക എന്നുള്ള ഒരു സന്ദേശമാണ് ഇതിലൂടെ നൽകുന്നത്.

ഹൃദയാരോഗ്യം സംരക്ഷിക്കുന്നതിന് ആരോഗ്യ വകുപ്പ് വലിയ പ്രാധാന്യമാണ് നൽകുന്നത്. പ്രാഥമികതലത്തിൽ തന്നെ ഹൃദ്രോഗത്തിലേക്ക് നയിക്കുന്ന പ്രാഥമിക രോഗങ്ങളായ പ്രമേഹം, രക്താതിമർദ്ദം തുടങ്ങിയവയെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ആരോഗ്യ വകുപ്പ് ബൃഹത് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ആർദ്രം ജീവിതശൈലീ സ്ക്രീനിംഗിന്റെ ഭാഗമായി 30 വയസിന് മുകളിലുള്ളവരിലുള്ള 1.48 കോടിയോളം പേരെ ആരോഗ്യ പ്രവർത്തകർ വീട്ടിലെത്തി സ്ക്രീനിംഗ് നടത്തി. ഇവരിൽ ഹൃദ്രോഗം ഉൾപ്പെടെയുള്ള ഗുരുതര രോഗങ്ങൾ വരാൻ സാധ്യതയുള്ള ആൾക്കാരെ കണ്ടെത്തി വിദഗ്ധ പരിശോധനയ്ക്കായി റഫർ ചെയ്യുകയും ചെയ്യുന്നു. ഇതിലൂടെ ഹൃദ്രോഗം വരാതെ നോക്കുന്നതിനും നേരത്തെ കണ്ടെത്തുന്നതിനും നമുക്ക് സാധിക്കും.

പ്രധാന മെഡിക്കൽ കോളേജുകൾക്ക് പുറമേ ആരോഗ്യ വകുപ്പിന് കീഴിൽ 13 ജില്ലകളിലും കാത്ത് ലാബുകൾ സജ്ജമാക്കിവരുന്നു. അതിൽ 11 എണ്ണവും പ്രവർത്തനസജ്ജമാക്കി. കൂടാതെ ഇടുക്കിയിൽ കാത്ത് ലാബ് സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 12 ജില്ലാ ആശുപത്രികളിൽ കൊറോണറി കെയർ ഐ.സി.യു സജ്ജമാക്കി. ഹൃദ്രോഗം നേരത്തെ കണ്ടെത്തുന്നതിന് ആവശ്യമായ പരിശോധനാ സൗകര്യങ്ങൾ ഒട്ടുമിക്ക ആശുപത്രികളിലും സജ്ജമാക്കിയിട്ടുണ്ട്. ട്രോപ് ടി അനലൈസർ എന്ന ഉപകരണത്തിലൂടെ ഹൃദയാഘാതം നേരത്തെ കണ്ടെത്തുന്നതിനുള്ള സംവിധാനം താലൂക്ക്തല ആശുപത്രികളിൽ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ ഈ വർഷം സ്റ്റെമി (STEMI - ST-elevation myocardial infarction) ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിലുള്ള ഹൃദ്രോഗ ചികിത്സ ആരംഭിക്കുന്നതിനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചു വരുന്നതായും മന്ത്രി വ്യക്തമാക്കി.

# സുപ്രിയ അതിഥി മിത്രം



**എറണാകുളം:** സുപ്രിയ ദേബ്നാഥ്. എറണാകുളത്തെ അതിഥി തൊഴിലാളികൾക്കിടയിൽ പരിചിതമാണ് ഈ പേര്. ജില്ലാ ഭരണകൂടത്തിന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും നേതൃത്വത്തിലുള്ള അതിഥി ദേവോ ഭവ: പ്രൊജക്ടിന്റെ ഭാഗമായുള്ള മൈഗ്രന്റ് ലിങ്ക് വർക്കർമാരിലൊരാളാണ് സുപ്രിയ. 'എട്ട് വർഷം മുമ്പാണ് കേരളത്തിലെത്തുന്നത്. തൊഴിലന്വേഷിച്ചുള്ള യാത്ര.'

കേരളം പകർന്നു നൽകിയ സ്നേഹം മികച്ചതായിരുന്നു. തൊഴിലും ജീവിതവുമായി നീങ്ങിയ സുപ്രിയക്ക് മുന്നിൽ വഴി തുറന്നിട്ടത് 2019 ൽ മൈഗ്രന്റ് ലിങ്ക് വർക്കറായി തെരഞ്ഞെടുക്കപ്പെട്ടതായിരുന്നു. 'എന്റെ ജീവിതത്തിൽ വലിയമാറ്റം കൊണ്ടുവന്നത് ആ തീരുമാനമായിരുന്നു. എന്നെ പോലെ ഇവിടെ എത്തുന്ന നിരവധി പേർക്ക് സഹായം നൽകാൻ ഇതിലൂടെ സാധിച്ചു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ളവരാണ് ഇവിടെയെത്തുന്നത്. വിവിധ ഭാഷകളിലുള്ളവർ. ഭാഷ തുടക്കത്തിൽ ആശയവിനിമയത്തിൽ പ്രശ്നമായിരുന്നു. എന്നാൽ വിവിധ ഭാഷകൾ പഠിക്കാൻ എനിക്ക് സാധിച്ചു. കോവിഡ് കാലത്ത് കളക്ട്രേറ്റിൽ പ്രവർത്തിച്ച കൺട്രോൾറൂമിൽ പ്രവർത്തിക്കാൻ അവസരം ലഭിച്ചു. ഹിന്ദി, ഒറിയ, അസമീസ്, ബംഗാളി, ഇംഗ്ലീഷ് തുടങ്ങി വിവിധ ഭാഷകളിൽ ആ ഘട്ടത്തിൽ ആശയ വിനിമയം നടത്തി. ഓരോ കോളും ഓരോ ആവശ്യങ്ങളുമായിട്ടായിരുന്നു.'

ആരോഗ്യവകുപ്പുമായി മാത്രമല്ല, മറ്റ് വകുപ്പുകളുമായി ചേർന്നു പ്രവർത്തിക്കാൻ ഇപ്പോൾ സൗകര്യമുണ്ട്. മൈഗ്രന്റ് ലിങ്ക് വർക്കർമാർക്ക് ദേശീയ ആരോഗ്യ ദൗത്യം പരിശീലനം നൽകിയിരുന്നു. അതിഥി തൊഴിലാളികൾക്കിടയിൽ അവബോധ പരിപാടികൾ സംഘടിപ്പിക്കാനും അവർക്കാവശ്യമായ സേവനങ്ങൾ ലഭ്യമാക്കാനും സാധിക്കുന്നുണ്ട്. 'ഇപ്പോൾ ഞാൻ അതിഥിതൊഴിലാളികളുടെ താമസ സ്ഥലത്തും തൊഴിലിടത്തിലുമൊക്കെ സന്ദർശിച്ച് അവരോട് സംസാരിക്കാറുണ്ട്. കുട്ടികൾക്കും ഗർഭിണികൾക്കും ആവശ്യമായ കുത്തവെപ്പുകൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുകയും എടുത്തിട്ടില്ലെങ്കി ആശമാരുടെയും ജെ.പി.എച്ച്.എൻമാരുടെയും സഹായത്തോടെ അവ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളും സംഘടിപ്പിക്കാറുണ്ട്. പോലീസ് കേസുകൾ, ജൂഡിഷ്യൽ നടപടികൾ എന്നിവയിലും സഹായിക്കാറുണ്ട്.'

സുപ്രിയക്ക് മലയാളത്തിൽ നന്നായിതന്നെ ആശയവിനിമയത്തിന് ഇപ്പോൾ സാധിക്കുന്നുണ്ട്, എഴുതാനും അറയാം. വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയവർക്ക് രോഗവുമായി ബന്ധപ്പെട്ട മലയാളം വാക്കുകളും അവർ പഠിപ്പിക്കാൻ ശ്രമിക്കാറുണ്ട്. ഇത് ഡോക്ടർമാരുമായി ആശയവിനിമയത്തിന് സൗകര്യപ്രദമാണ്.

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ 7 മൈഗ്രന്റ് ലിങ്ക് വർക്കർമാർ നിലവിൽ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ രംഗത്ത് കരുതലോടെ ഇടപെടുന്നതിന് ഇവരുടെ പ്രവർത്തനം ഏറെ സഹായകരമാണ്.



# ഇനിയൽപം വയനാടൻ 'കാഴ്ച'കൾ



**കൽപ്പറ്റ:** പഞ്ചേന്ദ്രിയങ്ങളിൽ ഏറെ പ്രിയതരം ഈ കണ്ണുകൾ. ഈ മനോഹര ഭൂമിയിലെ കാഴ്ചകൾ കാണാനും ആസ്വദിക്കാനുമുള്ള കണ്ണുകൾ സംരക്ഷിക്കാൻ നാമെന്തെങ്കിലും ചെയ്യാറുണ്ടോ? അന്ധതയും കാഴ്ച വൈകല്യങ്ങളും അനുഭവിക്കുന്നവരെ കണ്ടെത്താനും നേത്രരോഗ ചികിത്സയ്ക്കായും സർക്കാർ മേഖലയിൽ വയനാട്ടിൽ ധാരാളം സൗകര്യങ്ങൾ നിലവിലുണ്ട്.

വയനാട് ഗവ. മെഡിക്കൽ കോളേജ്, കൽപ്പറ്റ ജനറൽ ആശുപത്രി, വൈത്തിരി, ബത്തേരി താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ നേത്രരോഗ വിദഗ്ദ്ധരുടെ സേവനം ലഭ്യമാണ്. തിമിര ശസ്ത്രക്രിയാ സൗകര്യമുള്ള ഓപ്പറേഷൻ തിയേറ്ററുകൾ മാനന്തവാടി, കൽപ്പറ്റ, ബത്തേരി എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു. പ്രമേഹം മൂലമുണ്ടാകുന്ന ഡയറ്റിക് റെറ്റിനോപ്പതിയും റെറ്റിനയെ ബാധിക്കുന്ന മറ്റു രോഗങ്ങളും കണ്ടെത്തുന്നതിനും ചികിത്സയ്ക്കും ആവശ്യമായ ഫണ്ടോസ്കോപ്പി, ഒ.സി.ടി, ലേസർ തുടങ്ങിയ ആധുനിക ചികിത്സാ സൗകര്യങ്ങൾ ജില്ലയിലെ പ്രധാനപ്പെട്ട ആശുപത്രികളിലുണ്ട്. കാഴ്ചയുടെ നിശ്ശബ്ദ കൊലയാളി എന്നറിയപ്പെടുന്ന ഗ്ലോക്കോമ രോഗ നിർണയത്തിനാവശ്യമായ ആധുനിക സംവിധാനമായ എച്ച്.എഫ്.എ.യും വയനാട്ടിലുണ്ട്.

കാഴ്ച പരിശോധന, റിഫ്രാക്ഷൻ, റെറ്റിനോസ്ക്കോപ്പി, ഗ്ലോക്കോമ സ്ക്രീനിംഗിനുള്ള ടോണോമെട്രി തുടങ്ങിയ സൗകര്യങ്ങൾ ജില്ലയിലെ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന വിഷൻ സെന്ററുകളിലും ലഭ്യമാണ്. കണ്ണിന്റെ ഞരമ്പിന്റെ ഫോട്ടോയെടുത്ത് പരിശോധിച്ച ശേഷം രോഗനിർണയം നടത്താൻ സാധിക്കുന്ന നോൺമിഡ്രിയാർട്ടിക് ഫണ്ടസ് ക്യാമറകൾ നൂൽപ്പുഴ, വെങ്ങപ്പള്ളി, പൂതാടി കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പൊരുന്നന്നൂർ സാമൂഹിക ആരോഗ്യകേന്ദ്രത്തിലുമുണ്ട്. എടുക്കുന്ന ഫോട്ടോകൾ വിദഗ്ധ പരിശോധനയ്ക്കായി ടെലി മെഡിസിന്റെ സഹായത്തോടെ അയച്ചുകൊടുക്കാനും രോഗനിർണയം നടത്താനും സാധിക്കുന്നു.

റീച്ചിങ് ദ അൺ റീച്ച്ഡ് എന്ന ലക്ഷ്യത്തോടെ വയനാട് ജില്ലയിലെ സഞ്ചരിക്കുന്ന നേത്ര വിഭാഗം ആദിവാസി ഊരുകളിലും ചികിത്സാ സൗകര്യങ്ങൾ കുറവായ മറ്റു പ്രദേശങ്ങളിലും എത്തിച്ചേരുകയും ചികിത്സ നൽകിവരികയും ചെയ്യുന്നു. തിമിര ശസ്ത്രക്രിയ ആവശ്യമായ പിന്നാക്ക വിഭാഗത്തിൽ പെടുന്ന രോഗികളെ കണ്ടെത്തി വയനാട് മെഡിക്കൽ കോളേജിലും ശസ്ത്രക്രിയാ സൗകര്യമുള്ള കൽപ്പറ്റ, ബത്തേരി ആശുപത്രികളിലും എത്തിച്ച് ചികിത്സ ലഭ്യമാക്കുന്നതിനാവശ്യമായ സൗകര്യങ്ങളും വയനാട്ടിലുണ്ട്. ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന ഫീൽഡ് തല ക്യാമ്പുകളിലൂടെയും ക്ലാസ്സുകളിലൂടെയും നേത്രസംരക്ഷണ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ ആരോഗ്യപ്രവർത്തകർക്ക് സാധിക്കുന്നു.

വിദ്യാർത്ഥികളിലെ കാഴ്ചവൈകല്യങ്ങൾ കണ്ടെത്തുന്നതിനായി ജില്ലയിലെ ഒപ്റ്റോമെട്രിസ്റ്റുകളുടെ നേതൃത്വത്തിൽ സ്കൂളുകൾ സന്ദർശിച്ച് കാഴ്ച പരിശോധന നടത്തുകയും ആവശ്യമുള്ളവർക്ക് സൗജന്യമായി കണ്ണടകൾ നൽകുകയും ചെയ്തു വരുന്നു. കൂടാതെ വിദ്യാർത്ഥികളുടെ കാഴ്ച സംബന്ധമായ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനാവശ്യമായ പ്രായോഗിക പരിശീലനങ്ങൾ ഒപ്റ്റോമെട്രിസ്റ്റുമാർ അധ്യാപകർക്ക് നൽകി വരികയും ചെയ്യുന്നു. 'നേത്രദാനം മഹാദാനം' എന്ന മഹത്തായ ലക്ഷ്യം പ്രാവർത്തികമാക്കുന്നതിനായി നേത്രബാങ്ക് എന്ന സ്വപ്നം പൂർണ തോതിൽ ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

# മാതൃയാനം പദ്ധതിക്ക് ചേർത്തല താലൂക്ക് ആശുപത്രിയിൽ തുടക്കമായി

**ആലപ്പുഴ:** പ്രസവ ശസ്ത്രക്രിയ കഴിഞ്ഞ അമ്മയേയും കുഞ്ഞിനെയും സുരക്ഷിതമായും സൗജന്യമായും സ്വന്തം വീട്ടിലെത്തിക്കുന്ന 'മാതൃയാനം' പദ്ധതിക്ക് ചേർത്തല താലൂക്ക് ആശുപത്രിയിൽ തുടക്കമായി.

നഗരസഭ അധ്യക്ഷ ഷേർളി ഭാർഗവൻ ആദ്യ യാത്ര ഫ്ലാഗ് ഓഫ് ചെയ്തു. നാഷണൽ ഹെൽത്ത് മിഷന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന 'അമ്മയും കുഞ്ഞും' പദ്ധതിയുടെ തുടർച്ചയാണ് 'മാതൃയാനം'. നവജാത ശിശുവിനേയും അമ്മയേയും എത്ര ദൂരെയുള്ള വീട്ടിലും ടാക്സി കാറിൽ സുഖമായും സൗജന്യമായും എത്തിക്കുന്ന പദ്ധതിയാണിത്. മുൻപ് യാത്ര ചെലവിനായി 500 രൂപയായിരുന്നു പദ്ധതിയുടെ ഭാഗമായി നല്കിയിരുന്നത്. ദൂരയാത്ര വേണ്ടിവരുന്നവർക്ക് ഈ തുക മതിയാവില്ലെന്ന് കണ്ടെത്തിയതോടെയാണ് പുതിയ പദ്ധതി നടപ്പാക്കിയത്.

ചടങ്ങിൽ നഗരസഭ വൈസ് ചെയർമാൻ എസ്.അജയകുമാർ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ മാധുരി സാബു, കൗൺസിലർ ഡി.സൽജി, ആശുപത്രി സൂപ്രണ്ട് ഡോ.സുജ അലോഷ്യസ്, ആർ.എം.ഒ. ഡോ. അജ്മൽ, ആരോഗ്യ കേരളം ജില്ലാ അക്കൗണ്ട്സ് ഓഫീസർ സി.എസ് മായ, ആർ.ബി.എസ്.കെ. ജില്ലാ കോർഡിനേറ്റർ ചാന്ദ്നി ചന്ദ്രൻ, എൻ.എച്ച്.എം ജൂനിയർ കൺസൾട്ടന്റ് ആഗ്നൽ ജോസഫ്, ആശുപത്രി വികസന സമിതി അംഗങ്ങൾ, ജീവനക്കാർ, ആശ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.

# ജീവിതശൈലി മാറ്റത്തിലൂടെ സമ്പൂർണ ആരോഗ്യം – ഫുഡ്പ്ലേറ്റ് പദ്ധതിയുമായി തിരുവമ്പാടി പഞ്ചായത്ത്

**കോഴിക്കോട്:** തിരുവമ്പാടി പഞ്ചായത്തിൽ ജീവിതശൈലീമാറ്റത്തിലൂടെ സമ്പൂർണ ആരോഗ്യം എന്ന ലക്ഷ്യവുമായി നടപ്പാക്കുന്ന ജീവതാളം പദ്ധതിയുടെ ഭാഗമായി ഫുഡ്പ്ലേറ്റ് പദ്ധതി സംഘടിപ്പിച്ചു.

ജീവിതശൈലീ രോഗങ്ങളെ തടയാനായി പഞ്ചായത്ത് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ലോകഹൃദയ ദിനാചരണത്തിന്റെ ഭാഗമായി സെപ്തംബർ 26-ന് ചൊവ്വാഴ്ച പഞ്ചായത്തിലെ എല്ലാ വീടുകളിലും സമീകൃതാഹാരം വിളമ്പുന്ന ശാസ്ത്രീയ രീതിയായ ഫുഡ് പ്ലേറ്റ് സംവിധാനത്തിൽ ഭക്ഷണമൊരുക്കും. സെപ്റ്റംബർ 29 ന് വെള്ളിയാഴ്ച എല്ലാ വിദ്യാലയങ്ങളിലും അങ്കണവാടികളിലും ഓഫീസുകളിലും ഫുഡ് പ്ലേറ്റ് രീതിയിലാണ് ഭക്ഷണം കഴിക്കുക. കുടുംബശ്രീ, വിദ്യാഭ്യാസവകുപ്പ്, വിവിധ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതിക്ക് തുടക്കം കുറിക്കുന്നത്.

ഭക്ഷണം ഫുഡ് പ്ലേറ്റ് രീതിയിൽ തയ്യാറാക്കി (നാട്ടിൽ നിന്ന് കിട്ടുന്ന ഇലക്കറികളും പച്ചക്കറികളും ഉൾപ്പെടെ) തീൻമേശയിൽ എത്തിച്ച് കുടുംബത്തോടൊപ്പം ഒന്നിച്ചു കഴിക്കുന്നതിന്റെ ഫോട്ടോ കുടുംബശ്രീ ഭാരവാഹികൾക്ക് അയച്ചുകൊടുക്കണമെന്നും ഏറ്റവും നല്ല ഫുഡ് പ്ലേറ്റ് തയ്യാറാക്കിയ കുടുംബത്തിന് വാർഡുതലത്തിലും പഞ്ചായത്തുതലത്തിലും സമ്മാനങ്ങൾ നൽകുമെന്നും ആരോഗ്യവകുപ്പ് അധികൃതർ അറിയിച്ചു.

### ഫുഡ് പ്ലേറ്റ്

കഴിക്കുന്ന ഭക്ഷണപ്ലേറ്റിന്റെ പകുതിഭാഗം പച്ചക്കറികളും പഴവർഗങ്ങളും ബാക്കി പകുതിയിൽ 30 ശതമാനം ധാന്യം (അരി, ഗോതമ്പ് മുതലായവ) 20 ശതമാനം മാംസ്യം (പയർവർഗങ്ങൾ, മീൻ, മുട്ട, ഇറച്ചി, പാൽ) എന്നിവ ചേർന്ന സമീകൃതാഹാരം വിളമ്പുന്ന ശാസ്ത്രീയ രീതിയാണിത്. ശരീരത്തിനാവശ്യമായ എല്ലാ പോഷകഘടകങ്ങളും ജലവും കൃത്യമായ അളവിൽ സംയോജിപ്പിച്ചുകൊണ്ടുള്ള ഭക്ഷണരീതിയാണ് ഫുഡ് പ്ലേറ്റ്.




### ജീവിതശൈലീ രോഗ നിയന്ത്രണത്തിനായി

# മുറ്റത്തെത്തും ആരോഗ്യം ക്യാംപയിനുമായി ആരോഗ്യ വകുപ്പ്

**സാമൂഹ്യാധിഷ്ഠിത ജീവിത ശൈലീ രോഗ നിയന്ത്രണ ബോധവത്കരണ പരിപാടി ആരോഗ്യം ജനങ്ങളിലൂടെ ജനങ്ങൾക്കായ്**



**നമ്മുടെ** സമൂഹത്തിൽ ജീവിത ശൈലീ രോഗങ്ങൾ അനുദിനം വർദ്ധിച്ചു വരികയാണ്. മൂന്നിൽ ഒരാൾക്ക് രക്താതിസമ്മർദ്ദവും, നാലിലൊരാൾക്ക് പ്രമേഹവുമുള്ളതായാണ് കണക്കാക്കുന്നത്. ജീവിത ശൈലീ രോഗങ്ങളുള്ളവർ പലപ്പോഴും തുടക്കത്തിൽ രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കാറില്ലഅതുകൊണ്ട് തന്നെ പതിവായുള്ള പരിശോധകളിൽ കൂടി മാത്രമേ രോഗം മുൻകൂട്ടി കണ്ടെത്താൻ സാധിക്കുകയുള്ളൂ. പ്രമേഹം, ഹൈപ്പർ ടെൻഷൻ എന്നിവ നിയന്ത്രിച്ചു നിർത്തിയില്ലെങ്കിൽ അത് സ്ട്രോക്ക്, ഹൃദ്രോഗങ്ങൾ, വൃക്ക രോഗങ്ങൾ എന്നിവ ഉണ്ടാക്കാം. ഈ ഒരു സാഹചര്യത്തിലാണ് ജനകീയ ആരോഗ്യ കേന്ദ്രങ്ങളെ കേന്ദ്രീകരിച്ച് 30 വയസ്സിന് മുകളിലുള്ള എല്ലാവരിലും ജീവിതശൈലീ രോഗ നിർണ്ണയ പരിശോധന ശക്തിപ്പെടുത്തുന്നതിനും, അവബോധം സൃഷ്ടിക്കുന്നതിനും, ആരോഗ്യകരമായ ജീവിതശൈലീ പിന്തുടരുന്നതിന് ആവശ്യമായ സാമൂഹിക ഇടപെടൽ ശക്തിപ്പെടുത്തുന്നതിനുമായി മുറ്റത്തെത്തും ആരോഗ്യം എന്ന ക്യാമ്പയിൻ നടപ്പിലാക്കുന്നത്. നിരന്തരവും സമഗ്രവുമായ ബോധവൽക്കരണ മാർഗങ്ങളിലൂടെ ജീവിതശൈലീ രോഗങ്ങളെ ചെറുക്കുന്നതിന് പൊതുജനങ്ങളെ പ്രാപ്തരാക്കുക എന്ന വിശാലമായ ഉദ്ദേശം മുറ്റത്തെത്തും ആരോഗ്യം ക്യാംപയിനിനുണ്ട്.



### പ്രവർത്തനങ്ങൾ

- ജനകീയ ആരോഗ്യകേന്ദ്രങ്ങൾ വഴി ആഴ്ചതോറും രോഗ നിർണ്ണയ ക്ലിനിക്കുകൾ വ്യാഴാഴ്ചകളിൽ NCD ക്ലിനിക്കുകൾ വഴി 30 വയസ്സിന് മുകളിലുള്ള എല്ലാവർക്കും ജീവിത ശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായുള്ള പരിശോധനകൾ
- ഭവനസന്ദർശനത്തിലൂടെ രോഗ നിർണ്ണയം (30 വയസ്സിന് മുകളിലുള്ളവർക്കായി 50 വീടുകളായി തിരിച്ച്)
- NCD ക്ലിനിക്ക് നടത്തുന്ന ദിവസങ്ങളിൽ ഉച്ച കഴിഞ്ഞ് വീടുകൾ സന്ദർശിച്ച് ജീവിത ശൈലീ രോഗ നിർണ്ണയം
- ഭവന സന്ദർശന വേളയിൽ ഇല്ലാത്തവർക്കായി മാസത്തിലൊരിക്കൽ ഞായറാഴ്ച പ്രത്യേക പരിശോധന നിർണ്ണയ സൗകര്യം.
- സാമൂഹിക ഇടപെടൽ ശക്തിപ്പെടുത്തുന്നതിന് നാട്ടൊരുമ കൂട്ടായ്മകൾ (Peer Support)
- ജീവിത ശൈലീ രോഗമുള്ള വ്യക്തികളെ ഉൾപ്പെടുത്തികൊണ്ട് Peer Support ഗ്രൂപ്പുകൾ നാട്ടു നടത്തം, ചെറിയ ഗ്രൂപ്പുകളായുള്ള വ്യായാമം.
- കൂട്ടായുള്ള വ്യയാമം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു നാട്ടുനടത്തം, യോഗ പരിശീലനങ്ങൾ, മറ്റ് വ്യായാമ രീതികൾ എന്നിവ ഗ്രൂപ്പായും കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സ്വയം സഹായ സംഘങ്ങൾ എന്നിവയിലൂടെ സമൂഹത്തിൽ കൂട്ടായ്മ വ്യായാമ ശീലം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
- സ്ട്രെസ് മാജേ്മെന്റ് ടെക്നിക്കുകളെ കുറിച്ച് പരിശീലനങ്ങൾ

### ആരോഗ്യ ആഹാര പാത്രം

- ശരിയായ ഭക്ഷണരീതി തിരഞ്ഞെടുക്കുന്നതിനും പോഷക സമ്പുഷ്ടമായ ഭക്ഷണക്രമീകരണത്തിലൂടെ ശരീരഭാരം നിയന്ത്രിച്ചു നിർത്തുന്നതിനുള്ള ലളിതമായ മാതൃകയാണ് ആഹാര ആരോഗ്യ പാത്രം. ആരോഗ്യകരമായ ജീവിത ശൈലി പ്രോത്സാഹിപ്പിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുക, ഡെമോൺസ്ട്രേഷൻസ് നടത്തുക, ആരോഗ്യകരമായ പാചക കുറിപ്പുകൾ, പാചക രീതി പ്രോത്സാഹിപ്പിക്കുക എന്നിവ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നുതുടർ ചികിത്സ ഉറപ്പാക്കൽ.

# ആതുര ശുശ്രൂഷയുമായി എത്തുന്നു മൊബൈൽ മെഡിക്കൽ യൂണിറ്റ്



**തിരുവനന്തപുരം:** നഗര പ്രദേശങ്ങളിലെ സാധാരണ ജനങ്ങളുടെ അരികിലേക്ക് ഡോക്ടറുടെ സേവനവും രോഗനിർണയ പരിശോധനാ സൗകര്യവും മരുന്നും എത്തിക്കുന്ന ദേശീയ നഗരാരോഗ്യ ദൗത്യത്തിന്റെ മൊബൈൽ മെഡിക്കൽ യൂണിറ്റ് നഗരസഭാ ആരോഗ്യ സ്ഥിരം സമിതി അദ്ധ്യക്ഷ ഗായത്രി ബാബു ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ആശാ വിജയൻ അദ്ധ്യക്ഷത വഹിച്ചു. നഗരത്തിലെ 14 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കീഴിലുള്ള പ്രദേശങ്ങളിൽ ഞായറാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ ഈ സേവനം ലഭ്യമാകും. ആതുരാലയങ്ങൾ, വയോജന പരിപാലന കേന്ദ്രങ്ങൾ, അനാഥാലയങ്ങൾ, കോളനികൾ, ചേരിപ്രദേശങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ചാണ് പ്രധാനമായും മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്. ഓരോ സ്ഥലങ്ങളിലും ഏത് ദിവസങ്ങളിൽ സേവനം ലഭ്യമാകുമെന്ന വിവരം ജെ.പി.എച്ച്.എൻ, ആശാ പ്രവർത്തകർ മുഖേന ജനങ്ങളെ അറിയിക്കും. ജീവിത ശൈലീ രോഗനിർണയ പരിശോധനകൾ, പകർച്ചവ്യാധി പരിശോധനകൾ തുടങ്ങി വിവിധ പരിശോധനകൾക്കുള്ള സംവിധാനങ്ങൾ എം.എം.യു.വിൽ സജ്ജീകരിച്ചിട്ടുണ്ട്. ഒരു ഡോക്ടർ, നഴ്സ്, ജെ.പി.എച്ച്.എൻ, ലാബ് ടെക്നീഷ്യൻ എന്നിവരാണ് മൊബൈൽ മെഡിക്കൽ യൂണിറ്റിൽ ഉണ്ടാകുക.



# ഏഴ് നിലകളിലായി പയ്യന്നൂർ താലൂക്ക് ആശുപത്രിയ്ക്ക് പുതിയ കെട്ടിടം

## മുഖ്യമന്ത്രി നാടിന് സമർപ്പിച്ചു



**കണ്ണൂർ**: പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 104 കോടി രൂപ ചിലവഴിച്ചാണ് ഏഴ് നിലകളിലായി കെട്ടിടം ഒരുക്കിയത്.

ജനറൽ മെഡിസിൻ, സർജ്ജറി, എല്ലുരോഗ വിഭാഗം, ശിശുരോഗ വിഭാഗം, ഗൈനക്കോളജി, ഇ.എൻ.ടി, ദന്തരോഗ വിഭാഗം, നേത്രരോഗ വിഭാഗം, മാനസികരോഗ വിഭാഗം, ജീവിത ശൈലീ രോഗ ക്ലിനിക്, പാലിയേറ്റീവ് വിഭാഗം എന്നീ സേവനങ്ങൾ ആശുപത്രിയിൽ ലഭ്യമാണ്. പ്രതിമാസം 220 ഡയാലിസിസും, ശരാശരി മുപ്പത് പ്രസവങ്ങളും നടക്കുന്നുണ്ട്. നാൽപ്പത്തിയഞ്ച് മേജർ ശസ്ത്രക്രിയകളും, അമ്പത് മൈനർ ശസ്ത്രക്രിയകളും നടന്നുവരുന്നു. പ്രതിമാസം ശരാശരി 1200 കുട്ടികൾ ഈ ആശുപത്രിയിൽ ചികിത്സയ്ക്കെത്തുന്നുണ്ട്. നിലവിൽ ഈ സ്ഥാപനത്തിൽ 150 കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്. ഏകദേശം എഴുന്നൂറ്റി അമ്പതോളം രോഗികളാണ് ദിനംപ്രതി ഒ.പിയിൽ ചികിത്സയ്ക്കെത്തുന്നത്. ചടങ്ങിൽ ആരോഗ്യവും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിച്ചു. ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. കെ. ജെ. റീന റിപ്പോർട്ട് അവതരിപ്പിച്ചു. മുൻ എം.എൽ.എ സി. കൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. എം.എൽ.എ ടി. ഒ. മധുസൂദനൻ, നഗരസഭാ ചെയർമാൻ കെ. വി. ലളിത, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി. വി. വത്സല, നഗരസഭാ വൈസ് ചെയർമാൻ പി. വി. കുഞ്ഞപ്പൻ, സ്ഥിരം സമിതി അധ്യക്ഷരായ വി.വി. സജിത, ടി. വിശ്വനാഥൻ, ജില്ലാ മെഡിക്കൽ ഓഫീസർ (ഇൻ ചാർജ്) ഡോ. ജീജ എം.പി, എൻ.എച്ച്.എം. ജില്ലാ പ്രോഗ്രാം മാനേജർ ഡോ. പി കെ അനിൽ കുമാർ, മുൻ എം.എൽ.എ.മാരായ ടി.വി. രാജേഷ്, എം. വി. ജയരാജൻ, ആശുപത്രി സൂപ്രണ്ട് ഡോ. സി.കെ. ജീവൻലാൽ എന്നിവർ പങ്കെടുത്തു.

**ഏഴ് നിലകളിലെ സൗകര്യങ്ങൾ ഇങ്ങനെ**

- **താഴത്തെ നില**: അത്യാഹിത വിഭാഗം, ഇ.സി.ജി, ജീവിത ശൈലീ രോഗ ക്ലിനിക്ക് ഡിജിറ്റൽ എക്സറേ, സി.ടി സ്കാൻ
- **ഒന്നാം നില**: കുട്ടികളുടെ വാർഡ്, കുട്ടികളുടെ ഐ.സി.യു
- **രണ്ടാം നില**: സ്ത്രീകളുടെ വാർഡ്, മെഡിക്കൽ ഐ.സി.യു
- **മൂന്നാം നില**: പ്രസവമുറി, ഗൈനക്ക് ഓപ്പറേഷൻ തീയേറ്റർ, ഗൈനക്ക് ശസ്ത്രക്രിയാനന്തര വാർഡ്
- **നാലാം നില**: പുരുഷൻമാരുടെ വാർഡ്, പുനരധിവാസ കേന്ദ്രം, സെമിനാർ ഹാൾ
- **അഞ്ചാം നില**: പുരുഷൻമാരുടെ സർജ്ജിക്കൽ വാർഡ്, സ്ത്രീകളുടെ സർജ്ജിക്കൽ വാർഡ്, സർജ്ജിക്കൽ ഐ.സി.യു
- **ആറാം നില**: ഓപ്പറേഷൻ തീയേറ്റർ, ശസ്ത്രക്രിയാനന്തര വാർഡ്
- **ഏഴാം നില**: ലബോറട്ടറി പരിശോധനാ സൗകര്യവും, സെൻട്രൽ സ്റ്റെറൈൽ സപ്ലൈ ഡിപ്പാർട്ടുമെന്റും സജ്ജീകരിച്ചിരിക്കുന്നു.




# ബോണക്കാടൻ മെഗാ മെഡിക്കൽ ക്യാമ്പ്

**വർഷ ജയപ്രകാശ്**
ജെ.സി (ബി.സി.സി), തിരുവനന്തപുരം




**തിരുവനന്തപുരം**: തലസ്ഥാന നഗരത്തിന്റെ തിരക്കാരംഭിക്കുന്നതിന് മുൻപേ ജില്ലയിലെ മെഗാ മെഡിക്കൽ ക്യാമ്പിന്റെ ടീം പുറപ്പെട്ടിരുന്നു. വിതുരയിൽ നിന്ന് രണ്ടായി പിരിയുന്ന വഴി ഒന്ന് പൊൻമുടിയിലേയ്ക്കും മറ്റൊന്ന് വാഴ്വന്തോൾ വെള്ളച്ചാട്ടത്തിലേയ്ക്കും പാത തെളിയ്ക്കുന്നു. ഏകദേശം 45 കിലോമീറ്റർ ദൂരം പിന്നിട്ട് കാണിത്തടം ചെക്ക് പോസ്റ്റും കഴിഞ്ഞ് കാട്ടിനുള്ളിലൂടെ വന്യമൃഗങ്ങളെയും ചെറു അരുവികളും കണ്ട് സൂര്യപ്രകാശം കടന്നു വരാൻ മടിക്കുന്ന മഞ്ഞു പെയ്യുന്ന ഊടുവഴികളിലൂടെ ആടിയുലഞ്ഞ് ചീവീടുകളുടെ ശബ്ദ അകമ്പടിയോടെ എട്ട് മണിക്ക് ടീം എത്തിച്ചേർന്നത് ബോണക്കാട്. അവിടുത്തെ എസ്റ്റേറ്റ് സ്റ്റാഫ് ക്ലബിലും പള്ളിയോട് ചേർന്നുള്ള കെട്ടിടങ്ങളിലുമായാണ് മെഡിക്കൽ ക്യാമ്പ് സജ്ജീകരിച്ചിരുന്നത്. ടീം അംഗങ്ങൾ എല്ലവരും ക്യാമ്പ് ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.

ജില്ലാഭരണകൂടത്തിന്റെ നിർദ്ദേശ പ്രകാരം ബോണക്കാട് തോട്ടം തൊഴിലാളികൾക്കായി ജില്ലാ മെഡിക്കൽ ഓഫീസിന്റെയും ആരോഗ്യകേരളത്തിന്റെയും വിതുര താലൂക്ക് ആശുപത്രിയുടേയും നേതൃത്വത്തിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പ് ഏകദേശം പത്ത് മണിയോടുകൂടി ആരംഭിച്ചു. തൊഴിലാളികൾ അവർ താമസിക്കുന്ന ലയങ്ങളിൽ നിന്നും തോട്ടങ്ങളിൽ നിന്നും എത്താൻ തുടങ്ങി.

ജീവിതശൈലീരോഗ പരിശോധന, നേത്ര പരിശോധന, ക്യാൻസർ സ്ക്രീനിംഗ്, ദന്തരോഗ പരിശോധന, കുഷ്ഠരോഗ പരിശോധന, മഞ്ഞപ്പിത്ത പരിശോധന മലേറിയ സ്ക്രീനിംഗ്, ക്ഷയരോഗ പരിശോധന, എച്ച്.ഐ.വി. സ്ക്രീനിംഗ്, വിവ സ്ക്രീനിംഗ്, മാനസികാരോഗ്യ ബോധവത്കരണം തുടങ്ങിയ സൗജന്യ സേവനങ്ങളാണ് മെഗാ മെഡിക്കൽ ക്യാമ്പിലുണ്ടായിരുന്നത്. 160 പേരെ സ്ക്രീൻ ചെയ്തതിൽ 50 പുരുഷൻമാരും 110 സ്ത്രീകളും പങ്കെടുത്തു.

'ഇന്തമാതിരി ക്യാമ്പ് ഇനിയും വെക്കണം. എനക്ക് വിതുര വരെ പോകാൻ മുടിയാത്. ഇത് നല്ല ക്യാമ്പ് താൻ. എല്ലാമേ ടെസ്റ്റ് ചെയ്തിടിച്ച്. നൻട്രി' തമിഴും മലയാളവും കലർന്ന ഭാഷയിൽ രത്നമ്മ പറഞ്ഞു. തോട്ടത്തിലെ പണിക്കായി തമിഴ്നാട്ടിൽ നിന്ന് ബോണക്കാട് എത്തിയവരാണ് ഏറെപ്പേരും. ബോണക്കാട് തേയില ഫാക്ടറിയുടെ പ്രവർത്തനം നിലച്ചപ്പോൾ മൂവായിരം തൊഴിലാളികളിൽ നിന്ന് ഇന്നത് ഇരുനൂറിൽ താഴെ മാത്രമായി ചുരുങ്ങി. ഇതിൽ ഏറെപ്പേരും വയോജനങ്ങൾ. താലൂക്ക് ആശുപത്രി വിതുരയാണ് ഇവർ ആശ്രയിക്കുന്ന ഏക ആരോഗ്യ കേന്ദ്രം. എല്ലാ മാസവും ജീവിത ശൈലീ രോഗനിർണയ സ്ക്രീനിംഗ് ക്യാമ്പ് ആശുപത്രിയുടെ നേതൃത്വത്തിൽ ബോണക്കാട് സംഘടിപ്പിക്കാറുണ്ട്. കൂടാതെ മൂന്ന് മാസത്തിലൊരിക്കൽ പകർച്ചവ്യാധി സ്ക്രീനിംഗ് ക്യാമ്പും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കാറുണ്ട്. പരിമിതമായ സൗകര്യങ്ങളിൽ കാടിന്റെ മക്കളായി ജീവിക്കുന്നവർക്ക് ആരോഗ്യവകുപ്പിന്റെ പൂർണ പിന്തുണ ലഭിക്കുന്നുണ്ടെന്ന് മേരി അമ്മ ഓർമ്മിപ്പിച്ചു. ഉച്ചയോടെ അവസാനിച്ച മെഡിക്കൽ ക്യാമ്പ് പൂർത്തിയായപ്പോൾ ബോണക്കാടിൽ ആകെയുള്ള ജനസംഖ്യയായ 180 പേരിൽ 160 പേരും പങ്കെടുത്ത സന്തോഷത്തിലായിരുന്നു ആരോഗ്യ പ്രവർത്തകർ. ആശാ വർക്കർമാർക്കും ജെ.പി.എച്ച്.എൻമാർക്കും ഒപ്പം മെഡിക്കൽ ടീം അംഗങ്ങൾക്ക് ആഹാരം വിളമ്പാൻ അവിടുത്തെ ജനങ്ങളും കൂടി. മനസും വയറും നിറഞ്ഞ് കാടിന്റെ കുളിരണിഞ്ഞ് മെഡിക്കൽ ടീം അംഗങ്ങൾ അടുത്ത മെഗാ ക്യാമ്പുമായി എത്തുമെന്ന് ഉറപ്പു നൽകി യാത്ര തിരിച്ചു.

# 'ഉജ്ജ്വല' ഫിറ്റ്നസ് സ്റ്റുഡിയോ ഫോർ വിമൻ പദ്ധതിയുമായി ഓമാനൂർ സാമൂഹ്യാരോഗ്യകേന്ദ്രം




**മലപ്പുറം**: അനിയന്ത്രിതമായ ഭക്ഷണക്രമങ്ങളും വ്യായാമ രഹിതമായ ജീവിതചര്യയും ആളുകളിൽ അനാരോഗ്യത്തിനും വിവിധങ്ങളായ ജീവിതശൈലി രോഗങ്ങൾക്കും കാരണമാകുന്നു. ഫാസ്റ്റ് ഫുഡും ജങ്ക് ഫുഡും ഇന്ന് മിക്ക ആളുകളുടെയും ദിവസേനയുള്ള ഭക്ഷണക്രമത്തിൽ ഇടം പിടിച്ചു കഴിഞ്ഞു. ഇത് മൂലം അമിതവണ്ണം, ഹൃദ്രോഗങ്ങൾ, കാൻസർ, രക്താതിസമ്മർദ്ദം, പ്രമേഹം, സ്ത്രീകളിൽ ഗർഭാശയ സംബന്ധമായ രോഗങ്ങൾ എന്നിവ വ്യാപകമായിരിക്കുകയാണ്. ഇതിനെതിരെയുള്ള ചുവടുവയ്പ്പാണ് ഓമാനൂർ സാമൂഹിക ആരോഗ്യ കേന്ദ്രം നടത്തുന്ന ഉജ്ജ്വല പദ്ധതി. സ്ത്രീകൾക്ക് മാത്രമായി, വനിത പരിശീലക നേതൃത്വം നൽകുന്ന വ്യായാമ പരിശീലനം, ഡെയിലി ഡയറ്റ്, സുംബാ ഡാൻസ് തുടങ്ങി വിവിധ പ്രവർത്തനങ്ങൾ ഉജ്ജ്വല ലേഡീസ് ഫിറ്റ്നസ് സ്റ്റുഡിയോയിലൂടെ നൽകുന്നതാണ് പദ്ധതി.

18 വയസ്സിന് മുകളിലുള്ള വനിതകൾക്ക് വനിത പരിശീലക നേതൃത്വം നൽകുന്ന പ്രത്യേക വ്യായാമ പരിപാടികളിലൂടെയും മെഡിറ്റേഷനിലൂടെയും ആരോഗ്യം നിലനിർത്തുകയും, വിവിധ ജീവിത ശൈലിരോഗങ്ങൾ അനുഭവിക്കുന്നവർക്ക് ഭക്ഷണക്രമത്തിലൂടെയും നിയന്ത്രിതമായ വ്യായാമത്തിലൂടെയും സാധാരണ ജീവിതത്തിലേക്ക് ഇവരെ തിരികെ കൊണ്ടുവരികയും, അമിതവണ്ണവും പൊണ്ണത്തടിയും ഉള്ളവർക്ക് വ്യായാമ മുറകളിലൂടെയും ഭക്ഷണ ശീലങ്ങൾ മാറ്റിയെടുത്തും നല്ല മനസ്സും ശരീരവും ഉള്ള വ്യക്തികൾ ആക്കുകയും ആണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആദ്യ ഘട്ടത്തിൽ ഏകദേശം 300 പേരെയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പ്രത്യേകം പരിശീലനം ലഭിച്ച വനിത പരിശീലക ഫിറ്റ്നസ് സ്റ്റുഡിയോയിൽ എത്തുന്നവർക്ക് പരിശീലനത്തിന് നേതൃത്വം നൽകും.

ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിൽ ആണ് ഫിറ്റ്നസ് സ്റ്റുഡിയോ പ്രവർത്തിക്കുക. പൊതുജനങ്ങൾക്കായി രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണി വരെയും ആശുപത്രിയിലെ വനിതാ ജീവനക്കാർക്കായി 2 മണി മുതൽ 6 മണി വരെയും ആണ് ഫിറ്റ്നസ് സ്റ്റുഡിയോ തുറന്ന് പ്രവർത്തിക്കുക. ഫിറ്റ്നസ് സ്റ്റുഡിയോയിൽ അംഗത്വം എടുക്കുന്ന എല്ലാ വനിതകളുടെയും ബോഡി മാസ് ഇൻഡക്സ്, ബ്ലഡ് പ്രഷർ, ഷുഗർ, കൊളസ്ട്രോൾ, പരിശോധനകൾ നടത്തുകയും ഇവരുടെ ആരോഗ്യ സൂചികകൾക്കനുസൃതമായി ഓരോരുത്തർക്കും ആവശ്യമായ വ്യായാമ പരിശീലനങ്ങൾ നൽകുന്നു.

ജീവിതശൈലി രോഗമുള്ളവർക്ക് ഇവരുടെ ആരോഗ്യം നിലനിർത്തുന്നതിനും, രോഗത്തിന്റെ കാഠിന്യം കുറച്ചു കൊണ്ടുവരുന്നതിനുള്ള പ്രത്യേക വ്യായാമമുറകൾ പരിശീലിപ്പിക്കും. സ്റ്റുഡിയോയിൽ എത്തുന്നവർക്ക് ഭക്ഷണം കഴിക്കുവാൻ പ്രത്യേകം ഡൈനിങ് ഏരിയയും ഫിറ്റ്നസ് സ്റ്റുഡിയോട് ചേർന്ന് ഒരുക്കിയിട്ടുണ്ട്. ഇതു കൂടാതെ ഓരോ മാസവും ഫിറ്റ്നസ് സ്റ്റുഡിയോയിൽ വരുന്ന ആളുകളുടെ ആരോഗ്യനിലവാരവും രോഗ നിലവാരവും ഡോക്ടറുടെ നേതൃത്വത്തിൽ വിലയിരുത്തുന്നതാണ്.

അടുത്തമാസം പതിനാറാം തീയതി തുടങ്ങുന്ന ഫിറ്റ്നസ് സ്റ്റുഡിയോയിൽ ഒരു ദിവസം 50 പേർക്ക് എന്നതോതിൽ നിജപ്പെടുത്തും. 8 ആഴ്ച കൊണ്ട് ഒരു അംഗത്തിന് വ്യക്തിഗതമായ ഫിറ്റ്നസ് ഉറപ്പുവരുത്തുക എന്നതാണ് ഉജ്ജ്വല പദ്ധതിയിലൂടെ ചെയ്യുന്നത്. തുടർന്ന് ആവശ്യമെങ്കിൽ ആ വ്യക്തികൾക്ക് ഫിറ്റ്നസ് സ്റ്റുഡിയോയിൽ തുടർന്നും പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. ഇത്തരത്തിൽ മാർച്ച് വരെ 70 ദിവസങ്ങളിലായിട്ട് 500 ഓളം പേർക്ക് പരിശീലനം നൽകുക എന്നതാണ് ഈ സാമ്പത്തിക വർഷം കൊണ്ട് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. പ്രത്യേകം തയ്യാറാക്കിയ പ്രവേശന ഫോറവും, ഗൂഗിൾ ഷീറ്റും ഉപയോഗിച്ചാണ് അംഗങ്ങളുടെ പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. നിലവിലെ ഫിസിയോതെറാപ്പി ആൻഡ് ഫിറ്റ്നസ് സെന്ററിലെ മിനി ജിംനേഷ്യം ഉപയോഗപ്പെടുത്തുകയും ആരോഗ്യഭേരി പദ്ധതിയിൽ രണ്ട് ലക്ഷം രൂപ ഓർബിട്രാക്ക്, ട്രെഡ്മിൽ, പുഷ് അപ്പ്, പുൾ അപ്പ് ബാറുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും ഉപയോഗിച്ചു കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമപഞ്ചായത്ത് ആരോഗ്യ വർക്കിംഗ് ഗ്രൂപ്പ് ഈ പദ്ധതിയുടെ വിശകലനവും നടത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെയും ആശുപത്രി ജീവനക്കാരുടേയും ജില്ലാ ആരോഗ്യവകുപ്പിന്റെയും ആരോഗ്യകേരളത്തിന്റെയും സഹകരണം ഉജ്ജ്വല പദ്ധതിയുടെ വിജയത്തിനും ഏറെ സഹായകമാകുന്നു.

> **ആദ്യ ഘട്ടത്തിൽ ഏകദേശം 300 പേരെയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്**

# ഒരു ദിവസം 28 ഹെർണിയ സർജറികൾ

## ജനറൽ ആശുപത്രിക്ക് ചരിത്ര നേട്ടം




**എറണാകുളം:** 28 ഹെർണിയ സർജറികൾ ഒരു ദിവസം നടത്തി എറണാകുളം ജനറൽ ആശുപത്രി. താക്കോൽദ്വാര ശസ്ത്രക്രിയയിലൂടെയാണ് 28 ഹെർണിയ കേസുകൾ ചെയ്തത്. സീനിയർ കൺസൽട്ടൻറ് സർജൻ ഡോ.സജിമാത്യൂ, അനസ്തേഷ്യ വിഭാഗം ഡോക്ടർമാരായ ഡോ. മധു, ഡോ. സൂസൻ, ഡോ. രേണു, ഡോ.ഷേർളി എന്നിവർ അടങ്ങുന്ന ടീമാണ് സർജറിക്ക് നേതൃത്വം നൽകിയത്.

ശസ്ത്രക്രിയകളിൽ താക്കോൽ ദ്വാരശാസ്ത്രക്രിയക്കാണ് ഇക്കാലത്ത് വലിയ പ്രാധാന്യമുള്ളത്. ലഘുവായ സർജിക്കൽ ഇൻസിഷൻ മതിയാകുമെന്നതിനാലും അണുബാധ സാധ്യതകുറയുമെന്നതിനാലുമാണത്. വീണ്ടും ഹെർണിയ ഉണ്ടാകാൻ ഉള്ള സാധ്യത വിരളമാണെന്നുള്ളതും ആശുപത്രി വാസം കുറവാണെന്നുള്ളതും കോംപ്ലിക്കേഷൻസ് ഇല്ലായെന്നുള്ളതും താക്കോൽദ്വാര ശസ്ത്രക്രിയയുടെ പ്രത്യേകതയാണ്. എറണാകുളത്തേയും സമീപ പ്രദേശങ്ങളിലുള്ള രോഗികളിൽ നിന്നാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്. ഈ കാലഘട്ടത്തിൽ ഹെർണിയകേസുകൾ വളരെ വ്യാപകമായി കണ്ടെത്തുന്ന സാഹചര്യത്തിലും, ഇത്തരത്തിൽ ലാപ്രോസ്കോപ്പിക് ഹെർണിയ റിപ്പയർ ക്യാമ്പ് അടിസ്ഥാനത്തിൽ നടത്തുവാൻ തീരുമാനിച്ചത്.

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ താക്കോൽ ദ്വാര ശസ്ത്രക്രിയ വ്യാപകമായി നടത്തുന്ന ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമാണ് എറണാകുളം ജനറൽ ആശുപത്രി. പ്രതിമാസം എണ്ണൂറോളം സർജറികൾ വിവിധ വിഭാഗങ്ങളായി നടക്കുന്നു. ഇതിൽ പത്ത് ശതമാനവും ലാപ്രോസ്കോപ്പിക് സർജറിയാണ്. സർജറിവിഭാഗംതലവനായഡോ.സജി മാത്യു നാളിതുവരെ 6250 ശാസ്ത്രക്രിയകളാണ് എറണാകുളം ജനറൽ ആശുപത്രിയിൽ ചെയ്തിട്ടുള്ളത്. ഇതിൽ 2100 എണ്ണം ലാപ്രോസ്കോപ്പിക് സർജറികളാണ് ആണ്.

**എന്താണ് ഹെർണിയ ?**

വയറിന്റെ ഭിത്തിയിലുള്ള പേശികൾക്ക് ദൗർബല്യം സംഭവിക്കുമ്പോൾ ഉള്ളിലെ കുടൽ മുതലായ അവയവങ്ങൾ പുറത്തേക്ക് തള്ളി വരുന്നതാണ് ഹെർണിയ അഥവാ കുടലിറക്കം. ഭാരം ഉയർത്തുമ്പോഴും ചുമയ്ക്കുമ്പോഴും കഠിനമായ ജോലികൾ ചെയ്യുമ്പോഴുമൊക്കെ ഹെർണിയ ഉള്ള ഭാഗത്ത് വേദനയും വീക്കവും അനുഭവപ്പെടും. ബലഹീനതയും അടിവയറ്റിനുള്ളിലെ വർദ്ധിച്ച സമ്മർദ്ദവുമാണ് ഹെർണിയ ഉണ്ടാക്കുന്നതിൽ ഉൾപ്പെടുന്ന രണ്ട് പ്രധാന ഘടകങ്ങൾ. ഹെർണിയ സാധാരണയായി നെഞ്ചിനും ഇടുപ്പിനും ഇടയിലാണ് ഉണ്ടാകാറുള്ളത്. ജന്മനാൽ ഉള്ള അപാകത, അമിതമായ കൊഴുപ്പ്, ആവർത്തിച്ചുള്ള ഗർഭധാരണം, ശസ്ത്രക്രിയാ മുറിവ്, തുടർച്ചയായുള്ള ചുമ, മലബന്ധം, മൂത്രമൊഴിക്കാനുള്ള തടസ്സം, കഠിനമായ വ്യായാമം, അമിതവണ്ണം എന്നിവയാണ് കുടലിറക്കിത്തിന് കാരണമായി കരുതപ്പെടുന്നത്. ലാപ്രോസ്കോപ്പി അടക്കമുള്ള ആധുനിക ചികിത്സാ മാർഗ്ഗങ്ങൾ ഹെർണിയ ചികിത്സക്കായി ഇന്ന് ലഭ്യമാണ്.

# വയറിളക്ക രോഗ പ്രതിരോധത്തിൽ മാതൃകാ പ്രവർത്തനവുമായി എഫ്.എച്ച്.സി ഷോളയൂർ




**പാലക്കാട്:** കുഞ്ഞുങ്ങളിലെ പോഷകാഹാരക്കുറവും ശിശു മരണങ്ങളും തുടരെ അലട്ടുന്ന അട്ടപ്പാടിയിൽ വയറിളക്ക രോഗ നിയന്ത്രണ - പ്രതിരോധ പ്രവർത്തനങ്ങളിൽ മാതൃകാ പ്രവർത്തനവുമായി ഷോളയൂർ കുടുംബാരോഗ്യ കേന്ദ്രം. ഷോളയൂർ ഗ്രാമപഞ്ചായത്തിലെ 5, 6, 7, 12 വാർഡുകളിൽ 2023 മെയ് മാസമാണ് വയറിളക്ക രോഗങ്ങൾ കൂടിയതോതിൽ റിപ്പോർട്ട് ചെയ്തു തുടങ്ങിയത്. പോഷകാഹാരക്കുറവും പ്രതിരോധ ശേഷി കുറവും ഉള്ള ആളുകൾക്ക് പ്രത്യേകിച്ച് കുട്ടികൾക്ക് ജീവൻ തന്നെ അപകടത്തിലാക്കുന്ന അളഉ (Acute Diarrhoeal Disease) കേസുകൾ കൂടുതൽ ശ്രദ്ധയിൽപ്പെട്ടയുടൻ ഷോളയൂർ കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ 5 ടീമുകൾ ആയി തിരിഞ്ഞ് കേസുകൾ കൂടുതൽ റിപ്പോർട്ട് ചെയ്ത ഷോളയൂർ ഊര്, നഞ്ചൻ കോളനി, ഹരിജൻ കോളനി, സ്വർണപിരിവ്, ഊത്ത്കുഴി, നല്ലസിംഗ, വെച്ചപതി, വരഗംപാടി, വെള്ളക്കുളം, മൂലഗംഗൽ എന്നിവിടങ്ങളിൽ വീടുകൾ കയറിയിറങ്ങി പ്രാഥമിക വിവരശേഖരണം നടത്തി. ഇതിൽ ആകെ 305 കേസുകളാണ് കണ്ടെത്തിയത്. അട്ടപ്പാടി പോലുള്ള ആരോഗ്യസംബന്ധിയായ വിവിധ വെല്ലുവിളികൾ നേരിടുന്ന ഗുരുതര പോഷകാഹാരക്കുറവുള്ള കുട്ടികളുള്ള ജനവിഭാഗത്തിനിടയിൽ വയറിളക്കരോഗം പടർന്നു പിടിച്ചാലുള്ള വിപത്ത് തിരിച്ചറിഞ്ഞ് ജില്ലാ മെഡിക്കൽ ഓഫീസറുടെ നിർദ്ദേശപ്രകാരം ആരോഗ്യപ്രവർത്തകർ ഒറ്റക്കെട്ടായി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.

കേസുകൾ കുറയുന്നത് വരെ ആരോഗ്യപ്രവർത്തകർ ടീമുകളായി തിരിഞ്ഞ് ഗൃഹസന്ദർശനം നടത്തുകയും ആരോഗ്യപ്രവർത്തകരുടെ നേതൃത്വത്തിലുള്ള ഹെൽത്ത് ടീം വയറിളക്ക രോഗം കൂടുതലുള്ള ഭാഗങ്ങളിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഉപയോഗിച്ച് ക്യാമ്പുകൾ നടത്തി രോഗികളെ പരിശോധിക്കുകയും ചെയ്തു. മേഖലയിലെ മുഖ്യ കുടിവെള്ള സ്രോതസ്സുകളായ വരടിമല, എഴുത്തുക്കൽപ്പാറ കുടിവെള്ള ടാങ്കുകൾ അടിയന്തരമായി വൃത്തിയാക്കി ക്ലോറിനേഷൻ നടത്തുകയും കൂടാതെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും ക്ലോറിനേറ്റ് ചെയ്യുവാൻ നിർദ്ദേശം നൽകുകയും ചെയ്തു.

വയറിളക്ക രോഗവ്യാപന സാധ്യത കൂടുതലുള്ള മേഖലയിലെ അതിഥി സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പിലും ഇതോടനുബന്ധിച്ച് ആരോഗ്യപ്രവർത്തകർ സന്ദർശിച്ച് ആവശ്യമായ ആരോഗ്യജാഗ്രതാ നിർദ്ദേശങ്ങൾ നൽകി. കൂടാതെ ഷോളയൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനവും നിരീക്ഷണവും ലഭ്യമാക്കുകയും ചെയ്തു. മുഖ്യ കുടിവെള്ള സ്രോതസ്സുകളിലെ വെള്ളം ബാക്ടീരിയോളജിക്കൽ കെമിക്കൽ പരിശോധനക്ക് അയച്ച് ഫലം വരുന്നതുവരെ എല്ലാ ഊരുകളിലും ശുദ്ധജലവിതരണം ഉറപ്പാക്കി രോഗപ്രതിരോധം ഏതുവിധേനയും ശക്തമാക്കി. ആരോഗ്യപ്രവർത്തകരുടെ കൂട്ടായ പ്രവർത്തനവും ജാഗ്രതയും മൂലം കുറഞ്ഞ കാലയളവിനുള്ളിൽ തന്നെ കേസുകളുടെ എണ്ണം ഗണ്യമായി കുറയുകയും രോഗബാധിതർ ആരോഗ്യം വീടെുത്ത് സാധാരണ നിലയിലാവുകയും ചെയ്തു. മാതൃകാപരമായ ഈ രോഗപ്രതിരോധ പ്രവർത്തനത്തിനുള്ള ആദരം ജില്ലാ മെഡിക്കൽ ഓഫീസർ ഷോളയൂർ കുടുംബാരോഗ്യകേന്ദ്രത്തിലെ ആരോഗ്യപ്രവർത്തകർക്ക് നൽകി ജില്ലയുടെ അനുമോദനം അറിയിക്കുകയും ചെയ്തു.

# 'ആ 15 മിനിറ്റ്' ശ്രദ്ധ നേടി പേ വിഷബാധയ്ക്കെതിരായ ബോധവത്കരണ വീഡിയോ




**കോട്ടയം:** പേവിഷബാധ പ്രതിരോധത്തിൽ പ്രഥമ ശുശ്രൂഷയ്ക്കുള്ള പ്രാധാന്യം വ്യക്തമാക്കുന്ന ബോധവത്കരണ വീഡിയോ ആ 15 മിനിറ്റ് ശ്രദ്ധേയമാകുന്നു. മൃഗങ്ങളുടെ കടിയോ മാന്തലോ ഏറ്റാൽ ആദ്യ 15 മിനിറ്റിലെ പ്രഥമശുശ്രൂഷ അതി നിർണായകമാണ്. 80 ശതമാനത്തിലധികം വൈറസിനെയും കൃത്യമായ പ്രഥമശുശ്രൂഷയിലൂടെ നിർജീവമാക്കാൻ കഴിയും. അതിനാൽ തന്നെ എല്ലാവരും പ്രഥമ ശുശ്രൂഷ എങ്ങനെയെന്ന് അറിഞ്ഞിരിക്കണമെന്ന ലക്ഷ്യത്തോടെയാണ് കോട്ടയം ജില്ലാ ആരോഗ്യവകുപ്പ്, ആരോഗ്യകേരളം എന്നിവർ ചേർന്ന് 'ആ 15 മിനിറ്റ് ' എന്ന പേരിൽ ഹ്രസ്വചിത്രം തയ്യാറാക്കിയത്.

ചിത്രം കോട്ടയം സി.എം.എസ് കോളേജ് എഡ്യൂക്കേഷണൽ തിയേറ്ററിൽ ജില്ലാ കളക്ടർ വി വിഗ്നേശ്വരി പ്രകാശനം ചെയ്തു. കോട്ടയം ജില്ലാ കളക്ടറുടെ ഫേസ്ബുക് പേജിൽ രണ്ട് മിനിറ്റ് ദൈർഘ്യമുള്ള ചിത്രം ലഭ്യമാണ്. കുടുംബശ്രീ യൂണിറ്റുകൾ, സ്കൂൾ രക്ഷാകർത്താക്കൾ, അങ്കണവാടി പ്രവർത്തകർ തുടങ്ങിയവരുടെ വാട്സ്ആപ് ഗ്രൂപ്പുകൾ വഴിയും പ്രഥമ ശുശ്രൂഷയുടെ സന്ദേശം ജനങ്ങളിലെത്തിക്കും.

# അരീപ്പറമ്പ് സബ് സെന്റർ നമ്പർ വൺ



**കോട്ടയം:** വലിപ്പത്തിലും സൗകര്യത്തിലും സംസ്ഥാനത്ത് ഒന്നാമതായി മണർകാട് പഞ്ചായത്തിലെ അരീപ്പറമ്പ് സബ് സെന്റർ. 3000 ചതുരശ്ര അടി വിസ്തൃതിയുള്ള പുതിയ കെട്ടിടത്തിലേക്ക് സബ് സെന്റർ പ്രവർത്തനം മാറ്റുന്നതോടെയാണ് ഈ നേട്ടം കരസ്ഥമാക്കുക. രണ്ടു വലിയ ഹാളുകളും 12 മുറികളുമാണ് സബ് സെന്ററിലുള്ളത്. നിലവിലുള്ള സബ് സെന്റർ ഉൾപ്രേദേശത്താണ് പ്രവർത്തിക്കുന്നത്. പുതിയ സബ് സെന്റർ പ്രവർത്തന സജ്ജമാകുന്നതോടെ ജനങ്ങൾക്ക് യാത്ര ബുദ്ധിമുട്ടില്ലാതെ ആരോഗ്യ സേവനങ്ങൾ സ്വീകരിക്കാൻ സാധിക്കും.

# നേത്രദാനത്തിനായി യുവജന കൂട്ടായ്മ




**ഇടുക്കി:** 38 -ാം മത് നേത്രദാന പക്ഷാചരണത്തിന്റെ ഭാഗമായി യുവാക്കൾക്കിടയിൽ നേത്രത്തിന്റെ പ്രാധാന്യം എത്തിക്കുന്ന വിപുലമായ പദ്ധതികൾക്ക് ഇടുക്കി ജില്ലയിൽ ആരംഭം കുറിച്ചു. ജില്ലായിലെ വിവിധ സ്ഥാപനങ്ങളിൽ നേത്ര ദാന പ്രതിജ്ഞയും ബോധവത്ക്കരണ സെമിനാറുകളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി പദ്ധതിയുടെ ജില്ലാ തല ഉദ്ഘാടനം സെപ്റ്റംബർ 7-ാം തിയതി കട്ടപ്പന താലൂക്ക് ആശുപത്രിയിൽ നടത്തപ്പെട്ടു.

പദ്ധതിയുടെ ഭാഗമായി നേത്രദാനത്തിന്റെ പ്രാധാന്യം യുവജനങ്ങൾക്കിടയിൽ എത്തിക്കുന്നതിനായി വിവിധ സ്കുളുകളിൽ നിന്നുളള വിദ്യാർത്ഥികൾക്കായി പോസ്റ്റർ രചനാ മത്സരം സംഘടിപ്പിച്ചു. വിവിധ സ്ഥാപനങ്ങളിൽ പദ്ധതിയുടെ ഭാഗമായി നേത്ര പരിശോധന ക്യാമ്പുകളും നേത്രദാന സമ്മതപത്രത്തിന്റെ ബോധവത്ക്കരണ പ്രവർത്തനവും നടക്കുന്നു. കൂടാതെ പൊതുജനങ്ങൾക്കിടയിൽ പദ്ധതിയുടെ പ്രചരണാർത്ഥം തെരുവു നാടകങ്ങൾ സംഘടിപ്പിച്ചു.

കട്ടപ്പന നഗര സഭ അദ്ധ്യക്ഷ ഉദ്ഘാടനം ചെയ്ത പൊതുസമ്മേളനം കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ചു. രാഷ്ട്രീയ സാമൂഹിക രംഗത്തെ പ്രമുഖർക്കൊപ്പം പൊതുജനങ്ങളും ആരോഗ്യപ്രവർത്തകരും പദ്ധതിയിൽ പങ്കാളികളാകുന്നു. പോസ്റ്റർ രചനാ മത്സരത്തിന് പങ്കെടുത്ത കുട്ടികൾക്ക് സമ്മാനങ്ങൾ നൽകി.

**പത്രാധിപ സമിതി**

ചീഫ് എഡിറ്റർ
**കെ ജീവൻ ബാബു ഐ എ എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ എച്ച് എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൽട്ടന്റ്, ബി സി സി

അസോ. എഡിറ്റർ
**ടി സ്മൃതി ലക്ഷ്മി**
കൺസൽട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്
**കെ കെ ഷൈജിൽ**
ജെ സി(ഡിഃസി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ

**വർഷ ജയപ്രകാശ്**
ജെ സി (ഡിഃസി), തിരുവനന്തപുരം
**ആഗ്നൽ ജോസഫ്**
കൺസൽട്ടന്റ്, ആലപ്പുഴ
**ജിജിൽ മാത്യു**
കൺസൽട്ടന്റ്(ഡിഃസി), ഇടുക്കി
**പ്രീത എം**
ജെ സി(ഡിഃസി), പാലക്കാട്
**ദിവ്യ ഇ ആർ**
ജെ സി(ഡിഃസി), മലപ്പുറം
**ദിവ്യ**
കൺസൽട്ടന്റ്(ഡിഃസി), കോഴിക്കോട്
**ബിൻസി രവീന്ദ്രൻ**
ജെ സി (ഡിഃസി),കണ്ണൂർ
**കമൽ കെ ജോസ്**
ജെ സി (ഡിഃസി), കാസർഗോഡ്
**വിനീഷ് സി ആർ**
കൺസൽട്ടന്റ്, കോട്ടയം
**വിനു എ**
കൺസൽട്ടന്റ്(ഡിഃസി), എറണാകുളം
**നിജിൽ**
ജെ സി(ഡിഃസി), വയനാട്
**ഷീബ ആർ ദാസ്**
ക്ലർക്ക്, ഡി ഇ ഒ സ്റ്റേറ്റ് മിഷൻ ഓഫീസ്

# കേരളത്തിന് ദേശീയ തലത്തിൽ 5 പുരസ്കാരങ്ങൾ

**ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനം** | **കാഴ്ച പരിമിതർക്കായി സജ്ജമാക്കിയ സേവനത്തിന് പ്രത്യേക പുരസ്കാരം**

**അനുവദിച്ച തുകയുടെ പൂർണ വിനിയോഗം** | **ഓരോ 1000 കുടുംബങ്ങൾക്കും ഏറ്റവും കൂടുതൽ ആശുപത്രി കിടക്കകൾ എംപാനൽ ചെയ്ത സംസ്ഥാനം**

**90% കുടുംബങ്ങൾക്കും ആയുഷ്മാൻ കാർഡ് ഉറപ്പാക്കിയ സംസ്ഥാനം**

**തിരുവനന്തപുരം:** സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കാരുണ്യ സുരക്ഷാ ആരോഗ്യ പദ്ധതി (കാസ്പ്) 5 ദേശീയ അംഗീകാരങ്ങൾ കരസ്ഥമാക്കി. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയ സംസ്ഥാനം, കാഴ്ച പരിമിതർക്കായി പ്രത്യേകം ലഭ്യമാക്കിയ സേവനങ്ങൾ, അനുവദിച്ച തുകയുടെ പൂർണ വിനിയോഗം, ഏറ്റവും കൂടുതൽ ആശുപത്രി കിടക്കകൾ എംപാനൽ ചെയ്ത സംസ്ഥാനം, 90% കുടുംബങ്ങൾക്കും ആയുഷ്മാൻ കാർഡ് ഉറപ്പാക്കിയ സംസ്ഥാനം എന്നീ 5 വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ ലഭിച്ചത്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയാണ് രാജ്യത്ത് ഏറ്റവും ഉയർന്ന സ്കീം വിനിയോഗത്തിനുള്ള മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തിനുള്ള അവാർഡ് കരസ്ഥമാക്കിയത്. ഏറ്റവും കൂടുതൽ ചികിത്സ നൽകിയ സംസ്ഥാനം എന്ന വിഭാഗത്തിൽ ഈ സർക്കാരിന്റെ കാലത്ത് തുടർച്ചയായി മൂന്നാം തവണയാണ് ഈ പുരസ്കാരം ലഭിക്കുന്നത്.

ആരോഗ്യ പരിരക്ഷാ പദ്ധതികളിൽ ആരും പിന്നിലാകരുത് എന്ന സുസ്ഥിര വികസന ലക്ഷ്യം മുൻ നിർത്തി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി സംസ്ഥാനത്തെ കാഴ്ച പരിമിതരായിട്ടുള്ള പദ്ധതി ഗുണഭോക്താക്കൾക്കായി ചികിത്സാ കാർഡ് ബ്രെയ്ലി ലിപിയിൽ ലഭ്യമാക്കിയിരുന്നു. കാഴ്ച പരിമിതരായ അനേകം പേർക്കാണ് ഇതിലൂടെ ആശ്വാസമായത്. ഇതിന് 'മികവുറ്റ പ്രവർത്തനങ്ങൾ' എന്ന വിഭാഗത്തിലെ പുരസ്കാരമാണ് സംസ്ഥാനത്തിന് ലഭിച്ചത്

കഴിഞ്ഞ സാമ്പത്തിക വർഷം 1500 കോടിയിലധികം രൂപയുടെ വിനിയോഗം ഉറപ്പാക്കിയതിലൂടെ അനുവദിച്ച തുകയുടെ പൂർണ വിനിയോഗം എന്ന വിഭാഗത്തിലും പുരസ്കാരം ലഭിച്ചു. സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷങ്ങൾ കൊണ്ട് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ 3200 കോടിയിലധികം രൂപയുടെ സൗജന്യ ചികിത്സയാണ് ഉറപ്പാക്കിയത്. കാസ്പ് പദ്ധതി വഴി കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 13 ലക്ഷത്തോളം ഗുണഭോക്താക്കൾക്ക് 30 ലക്ഷത്തോളം ക്ലെയിമുകളിലൂടെ ചികിത്സ നൽകി.

ഓരോ 1000 കുടുംബങ്ങൾക്കും ഏറ്റവും കൂടുതൽ ആശുപത്രി കിടക്കകൾ എംപാനൽ ചെയ്ത സംസ്ഥാനം, 90% കുടുംബങ്ങൾക്കും ഏതെങ്കിലും ആയുഷ്മാൻ കാർഡ് ഉറപ്പാക്കിയ സംസ്ഥാനം എന്നീ വിഭാഗങ്ങളിലും നേടിയ പുരസ്കാരം, സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിൽ കേരളത്തിന്റെ അഭിമാന നേട്ടമാണ്. സർക്കാർ ആശുപതികൾ, എംപാനൽ ചെയ്യപ്പെട്ട സ്വകാര്യ ആശുപത്രികൾ, ആരോഗ്യ പ്രവർത്തകർ, ആശ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയ കേരളത്തിന്റെ വിവിധ മിഷനുകളുടെയും, ആരോഗ്യ പ്രവർത്തകരുടെയും നിസ്വാർഥ സേവനത്തിലൂടെയാണ് ഈ നേട്ടം നമുക്ക് സ്വന്തമാക്കാനായത്. സമഗ്രവും സുസ്ഥിരവുമായ ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിൽ നമ്മുടെ സംസ്ഥാനത്തിനു കരുത്തു പകരുന്ന നേട്ടമാണ് ഈ കൂട്ടായ പരിശ്രമത്തിലൂടെ നമുക്ക് കൈവരിക്കാനായത്.

സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖാന്തിരമാണ് കാസ്പ് പദ്ധതി നടപ്പിലാക്കുന്നത്. സർക്കാർ സ്വകാര്യ മേഖലകളിൽ നിന്നും എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള 613 ആശുപത്രികളിൽ നിന്നും ഗുണഭോക്താക്കൾക്ക് സൗജന്യ ചികിത്സാ സേവനം ലഭ്യമാകുന്നുണ്ട്. കാസ്പ് പദ്ധതിയിൽ ഉൾപ്പെടാത്ത മൂന്നു ലക്ഷം രൂപയിൽ കുറവ് വാർഷിക വരുമാന പരിധിയുള്ള കുടുംബങ്ങൾക്കായി കാരുണ്യാ ബെനവലന്റ് ഫണ്ട് പദ്ധതി മുഖാന്തിരവും ഈ ആശുപത്രികൾ വഴി ചികിത്സാ സേവനങ്ങൾ ഉറപ്പാക്കുന്നു. ഇതോടൊപ്പം 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്ന ആരോഗ്യകിരണം, കേൾവി പരിമിതിയുള്ള 5 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ കോക്ലിയർ ഇംപ്ലാന്റേഷൻ ഉറപ്പാക്കുന്ന ശ്രുതിതരംഗം, ക്യാൻസർ സുരക്ഷാ, ഭിന്ന ശേഷിയുള്ളവർക്കായുള്ള ഇൻഷുറൻസ് ഉറപ്പാക്കുന്ന നിരാമയ, തുടങ്ങി വിവിധ ആരോഗ്യ-ക്ഷേമ പദ്ധതികൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ മേൽനോട്ടത്തിൽ പ്രവർത്തിച്ചു വരുന്നു.




(പേജ് 1 ൽ നിന്ന് തുടർച്ച)

## 'ആയുഷ്മാൻ ഭവ'; സമഗ്ര ആരോഗ്യ ബോധവൽക്കരണ ക്യാമ്പയിന് തുടക്കം

സഹകരണത്തോടെ ദേശീയ ആരോഗ്യ ദൗത്യവും ആരോഗ്യവകുപ്പുമാണ് നേതൃത്വം നൽകുന്നത്. ആരോഗ്യ സംരക്ഷണ പരിപാടികളെക്കുറിച്ചും സാംക്രമികേതര രോഗങ്ങൾ, ക്ഷയം, അനീമിയ തുടങ്ങിയ രോഗങ്ങളെക്കുറിച്ചും ജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിനും പുതിയ രോഗികളെ കണ്ടെത്തുന്നതിനായി പ്രതിവാര ആരോഗ്യ മേളകൾ ഇതിന്റെ ഭാഗമായി നടത്തി വരുന്നുണ്ട്.


'ആയുഷ്മാൻ ആപ്കെ ദ്വാര 3.0', 'ആയുഷ്മാൻ സഭകൾ', 'ആയുഷ്മാൻ മേളകൾ' എന്നിങ്ങനെ വിവിധ പേരുകളിലാണ് ഇവ നടപ്പാക്കുക. സമഗ്രമായ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു ഏകജാലക വേദിയാകും ആരോഗ്യമേളകൾ. ഈ മേളകൾ, ജവനങ്ങൾക്കിടയിൽ ആരോഗ്യത്തെക്കുറിച്ചും പ്രതിരോധ നടപടികൾ, നേരത്തെയുള്ള രോഗനിർണ്ണയം, ചികിത്സ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കും. കൂടാതെ മെഡിക്കൽ കോളേജുകളുടെ സഹായത്തോടെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്ന ആരോഗ്യ മേളകളിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനവും ലഭ്യാമാകും. പരിപാടിയോടനുബന്ധിച്ച് അവയദാനം പ്രോത്സാഹിപ്പിക്കുന്നതിനായി അവയവ ദാന പ്രതിജ്ഞയും രോഗീ സുരക്ഷാ പ്രതിജ്ഞയെടുക്കുന്നതടക്കമുള്ള വിവിധ പരിപാടികളും ഈ കാലയളവിൽ നടത്തപ്പെടുന്നുണ്ട്.

ആരോഗ്യരംഗത്തു ഏറെ മുന്നിട്ടു നിൽക്കുന്ന നമ്മുടെ സംസ്ഥാനത്തിലെ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്താൻ ഈ ക്യാമ്പയിനിലൂടെ സാധിക്കും. ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങൾ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട്, രോഗീ സൗഹൃദമായി മാറിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിലൊക്കെയും കൂടുതൽ സേവനങ്ങൾ നൽകിക്കൊണ്ട് താഴെ തട്ടിലുള്ള എല്ലാ ആളുകളിലേക്കും ആരോഗ്യസേവനങ്ങൾ എത്തിക്കാൻ ആരോഗ്യവകുപ്പിന് സാധിച്ചിട്ടുണ്ട്. ഇതോടൊപ്പം കഴിഞ്ഞ മെയ് 18ന് സംസ്ഥാനത്തു 5409 ജനകീയാരോഗ്യ കേന്ദ്രങ്ങൾ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. വിവിധ ആരോഗ്യ സേവനങ്ങൾക്കൊപ്പം രോഗം വരാതിരിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുകയും, ആരോഗ്യ സംസ്കാരം രൂപപ്പെടുത്തുകയുമാണ് ഈ സ്ഥാപനങ്ങളിലൂടെ ലക്ഷ്യം വെക്കുന്നത്. ആയുഷ്മാൻ ഭവ ക്യാമ്പയിനിലൂടെ ജനകീയാരോഗ്യ കേന്ദ്രം വരെയുള്ള പൊതു ആരോഗ്യസംവിധാനത്തിന്റെ പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കാൻ സാധി

## ആയുഷ്മാൻ ഭവ ക്യാമ്പയിൻ




മാരിയില്ലാ മഴക്കാലം
ആരോഗ്യ ജാഗ്രത
സ്വയം ചികിത്സ ആപത്ത്
ആശ്രയിക്കാം ആശുപത്രികളെ


തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കൂ
വയറിളക്ക രോഗങ്ങൾ,
കോളറ, ഹെപ്പറ്റൈറ്റിസ് എ,
ഹെപ്പറ്റൈറ്റിസ് ഇ, ടൈഫോയ്ഡ്
തുടങ്ങിയ ജലജന്യരോഗങ്ങളെ പ്രതിരോധിക്കൂ


മഴക്കാലം
മനോഹരമാക്കൂ
വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക
കൊതുകുകൾ വളരാനിടയാകുന്ന രീതിയിൽ
വെള്ളം കെട്ടിനിൽക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക
ആഴ്ചയിൽ ഒരു ദിവസം ഡ്രൈ ഡേ ആചരിക്കുക